# PLUS ONE POLITICAL SCIENCE

edu help programme

**STUDY MATERIAL**



# 1. ഭരണഘടന : എന്ത് കൊണ്ട്? എങ്ങനെ?

ഒരു രാജ്യം അല്ലെങ്കിൽ മറ്റേതെങ്കിലും സംഘടന ഭരിക്കപ്പെടുന്നതിനായുള്ള ഒരു കൂട്ടം അടിസ്ഥാന തത്ത്വങ്ങളെയും പ്രഖ്യാപിത കീഴ്‌വഴക്കങ്ങളെയും ചേർത്ത് പറയുന്ന പേരാണ് അതിന്റെ **ഭരണഘടന**.

## ഭരണഘടനയുടെ ആവശ്യകത

### 1. ഭരണഘടന ഏകോപനവും ഉറപ്പും നൽകുന്നു-

ഒരു സമൂഹത്തിലെ അംഗങ്ങൾക്കിടയിൽ ഏകോപനവും ഉറപ്പും അനുവദിക്കുന്ന ഒരു കൂട്ടം അടിസ്ഥാന നിയമങ്ങൾ നൽകുക എന്നതാണ് ഭരണഘടനയുടെ ആദ്യ പ്രവർത്തനം. നാനാത്വത്തിന്റെ പ്രശ്നത്തെ മറികടന്ന് സമാധാനപരമായി ജീവിക്കാൻ ജനങ്ങളെ പ്രാപ്തരാക്കാൻ ഭരണഘടന സഹായിക്കുന്നു. ഭരണഘടന എല്ലാ അംഗങ്ങൾക്കും ഒരേ നിയമങ്ങൾ നടപ്പിലാക്കുമെന്നും ആ നിയമങ്ങൾ അനുസരിക്കുവാൻ രാജ്യത്തെ എല്ലാ പൗരന്മാർക്കും ഉത്തരവാദിത്വമുണ്ടെന്നും ഭരണഘടന ഉറപ്പു നൽകുന്നു.

### 2. തീരുമാനമെടുക്കുന്നതിനുള്ള അധികാരം വ്യക്തമാക്കൽ -

ഒരു രാജ്യത്തിൽ തീരുമാനമെടുക്കാൻ ആർക്കാണ് അധികാരമുള്ളതെന്ന് വ്യക്തമാക്കുക എന്നതാണ് ഭരണഘടനയുടെ രണ്ടാമത്തെ പ്രവർത്തനം. ഒരു ഭരണഘടന അടിസ്ഥാനപരമായ ഒരു നിയമപുസ്തകമായ ഭരണഘടന അനുസരിച്ചാണ് രാഷ്ട്രം രൂപീകരിക്കപ്പെടുന്നതും ഭരിക്കപ്പെടുന്നതും . ഭരണഘടന അനുസരിച്ചാണ് സർക്കാർ എങ്ങനെ രൂപീകരിക്കണമെന്ന് തീരുമാനിക്കുന്നത് .സർക്കാരിന്റെ വിവിധ വിഭാഗങ്ങളുടെ അധികാരങ്ങൾ ഭരണഘടനയിൽ വ്യക്തമായി നിർവചിക്കപെടാറുണ്ട് .

### 3. ഗവൺമെന്റിന്റെ അധികാരങ്ങൾക്ക് പരിധി നിർണയിക്കൽ

ഭരണഘടനയുടെ മൂന്നാമത്തെ പ്രവർത്തനം, സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് പരിധി നിശ്ചയിക്കുക എന്നതാണ്. വ്യക്തിയുടെ അടിസ്ഥാന അവകാശങ്ങൾ നിഷേധിക്കുവാനുള്ള സർക്കാറിന്റെ താല്പര്യങ്ങളെ ഭരണഘടന നിയന്ത്രിക്കുന്നു.

### 4. ഒരു സമൂഹത്തിന്റെ ലക്ഷ്യങ്ങളും അഭിലാക്ഷങ്ങളും -

ഭരണഘടനയുടെ നാലാമത്തെ പ്രവർത്തനം ഒരു സമൂഹത്തിന്റെ അഭിലാഷങ്ങൾ നിറവേറ്റാനും നീതിപൂർവകമായ സമൂഹത്തിന് സാഹചര്യങ്ങൾ സൃഷ്ടിക്കാനും സർക്കാരിനെ പ്രാപ്തമാക്കുക എന്നതാണ്. ആധുനിക ഭരണഘടനകളിൽ അസമത്വത്തിത്തെ മറികടക്കുന്നതിനും സമൂഹത്തിന്റെ ക്ഷേമം ഉറപ്പാക്കുന്നതിനുമായി നിരവധി ക്രിയാത്മക നടപടികൾ ഉൾപെടുത്താറുണ്ട്.

### 5. ജനതയുടെ മൗലീക വ്യക്തിത്വം -

ഭരണഘടന ഒരു ജനതയുടെ അടിസ്ഥാന വ്യക്തിത്വം വ്യക്തമാക്കുന്നു . പ്രാദേശികവും ഭാഷാപരവും സാമുദായികവുമായ താല്പര്യങ്ങളെ മാറ്റിനിർത്തുന്നതിനും ദേശീയ വ്യക്തിത്വം സൃഷ്ടിക്കുന്നതിനും ഭരണഘടന സഹായകരമാണ്. പൗരന്മാർക്കിടയിൽ രാഷ്ട്രീയവും സാമൂഹികവുമായ മൂല്യങ്ങൾ വളർത്തുവാനും ഭരണഘടന സഹായിക്കുന്നു.

## ഇന്ത്യൻ ഭരണഘടനയുടെ നിർമ്മാണം

1946 ലെ ക്യാബിനറ്റ് മിഷൻ ഭരണഘടനാ നിർമ്മാണത്തിനുള്ള അനുവാദം നൽകി. ഭരണഘടനാ നിർമ്മാണ സഭയിലെ അംഗസംഖ്യ 389 ആയിരുന്നു. 296 അംഗങ്ങൾ ബ്രിട്ടീഷ് ഇന്ത്യൻ പ്രവിശ്യകളിൽ നിന്നുള്ള തിരഞ്ഞെടുക്കപ്പെട്ടവരും 93 അംഗങ്ങൾ നാട്ടുരാജാക്കന്മാർ നാമനിർദ്ദേശം ചെയ്ത വരുമായിരുന്നു. ഓരോ പ്രദേശത്തെയും ജനസംഖ്യക്ക് ആനുപാതികം ആയിട്ടാണ് അംഗങ്ങളെ അനുവദിച്ച് നൽകിയത്. 10 ലക്ഷം പേർക്ക് ഒരാൾ എന്ന അനുപാതത്തിലാണ് സീറ്റുകൾ നിശ്ചയിച്ചത് ഓരോ പ്രവിശ്യയിലും സീറ്റുകൾ മുസ്ലീമുകൾ, പൊതുവിഭാഗം, സിക്കുകാർ എന്നിങ്ങനെ വിഭജിച്ച് നൽകി. ഭരണഘടനാ നിർമ്മാണ സഭയിലെ അംഗങ്ങൾ ഇന്ത്യയിലെ വ്യത്യസ്ത ജനവിഭാഗങ്ങളെ പ്രതിനിധീകരിച്ച അംഗങ്ങളിൽ 26 പേർ പട്ടികജാതി വിഭാഗത്തിൽ പെട്ടവരായിരുന്നു.

ഭരണഘടനാ നിർമ്മാണ സഭയുടെ അധ്യക്ഷൻ **ഡോക്ടർ രാജേന്ദ്ര പ്രസാദ്** ആയിരുന്നു. ഇന്ത്യൻ ഭരണഘടനയുടെ പിതാവ് എന്നറിയപ്പെടുന്നത് **ഡോക്ടർ** B R **അംബേദ്കർ** ആണ്. ഭരണഘടനയുടെ മുഖ്യശില്പി എന്നും അറിയപ്പെടുന്ന അംബേദ്കർ ഭരണഘടന ഡ്രാഫ്റ്റിംഗ് കമ്മിറ്റി ചെയർമാൻ ആയിരുന്നു. ബ്രിട്ടീഷ് ഇന്ത്യ വിഭജിക്കാൻ തീരുമാനിച്ചതിനെ തുടർന്ന് ഭരണഘടനാ നിർമ്മാണ സഭയുടെ അംഗസംഖ്യ 299 ആയി കുറഞ്ഞു. 1946 ഡിസംബർ ഒമ്പതാം തീയതി ആണ് ഭരണഘടനാ നിർമ്മാണ സഭയുടെ ആദ്യത്തെ സമ്മേളനം ചേർന്നത്. 1949 നവംബർ 26 ആം തീയതി ഭരണഘടനാ നിർമ്മാണം പൂർത്തിയായി. എന്നാൽ പൂർണ സ്വരാജ് ദിനമായി ആചരിച്ചിരുന്ന ജനുവരി 26 ആം തീയതിയാണ് ഭരണഘടന നിലവിൽ വന്നത്. 1950 ജനുവരി 26 ആം തീയതി ഇന്ത്യ ഒരു റിപ്പബ്ലിക് ആയി മാറി.

## ഒരു ഭരണഘടനയുടെ ആധികാരികത
## (ഇന്ത്യൻ ഭരണഘടനയുടെ ആധികാരികത)

ഭരണഘടനയുടെ ആധികാരികത നിർണ്ണയിക്കുന്നതിൽ മൂന്ന് ഘടകങ്ങൾ ഒരു പ്രധാന പങ്ക് വഹിക്കുന്നു.

### 1. നിർമാണ രീതി

*ജനങ്ങളുടെ പ്രതിനിധികൾ എഴുതിയതിനാൽ ഇന്ത്യൻ ഭരണഘടന ആധികാരികമാണെന്ന് അംഗീകരിക്കപ്പെട്ടിരിക്കുന്നു. ഭരണഘടനാ അസംബ്ലിയിൽ ശ്രദ്ധാപൂർവ്വം നടത്തിയ ചർച്ചകൾക്ക് ശേഷമാണ് തീരുമാനങ്ങൾ എടുത്തതെന്നതും ഇന്ത്യൻ ഭരണഘടനയുടെ ആധികാരികതയെ ശക്തിപ്പെടുത്തുന്നു. ഇന്ത്യൻ ഭരണഘടനാ അസംബ്ലിയിലെ മിക്ക അംഗങ്ങളും പരോക്ഷമായി തിരഞ്ഞെടുക്കപ്പെട്ടവരാണ്. ഭരണഘടനാ സഭയിൽ വിവിധ സമുദായങ്ങൾക്ക് ഉചിതമായ പ്രാധാന്യം നൽകിയിരുന്നു.*

### 2. ഭരണഘടനയിലെ വ്യവസ്ഥകൾ

*സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും തൃപ്തരാക്കുന്ന വ്യവസ്ഥകൾ അടങ്ങിയതാണ് ഇന്ത്യൻ ഭരണഘടന . പിന്നോക്ക വിഭാഗങ്ങൾക്കും ന്യൂനപക്ഷങ്ങൾക്കും പ്രത്യേകമായ അവകാശങ്ങൾ നൽകുന്നത് ഇന്ത്യൻ ഭരണഘടനയെ കൂടുതൽ ആധികാരികം ആക്കുന്നു.*

### 3. സ്ഥാപനപരമായ രൂപരേഖയിലുള്ള സന്തുലിതസ്ഥിതി

*ഇന്ത്യൻ ഭരണഘടനയിൽ നിയമ നിർമാണ സഭയ്ക്കും കാര്യ നിർവഹണ വിഭാഗത്തിനും നീതിന്യായ വ്യവസ്ഥയ്ക്കും കൃത്യമായി അധികാരങ്ങൾ വിഭജിച്ചു നൽകിയിട്ടുണ്ട്. കൃത്യമായ അധികാര വിഭജനം ഇന്ത്യൻ ഭരണഘടനയെ കൂടുതൽ ആധികാരികം ആക്കുന്നു.*

## ഇന്ത്യൻ ഭരണഘടന കടമെടുത്ത പ്രധാന വ്യവസ്ഥകൾ

| |
|---|
| **ബ്രിട്ടീഷ് ഭരണഘടന -**<br>പാർലമെൻററി വ്യവസ്ഥ , FPTP സംവിധാനം , നിയമവാഴ്ച , സ്പീക്കർ എന്ന സ്ഥാനവും അധികാരങ്ങളും , നിയമ നിർമാണ സംവിധാനം |
| **അമേരിക്കൻ ഭരണഘടന -**<br>മൗലീക അവകാശങ്ങൾ , നീതിന്യായ പുനഃപരിശോധന<br>നീതിന്യായ വിഭാഗത്തിന്റെ സ്വാതന്ത്ര്യം |
| **ഐറിഷ് ഭരണഘടന -**<br>നിർദ്ദേശ തത്വങ്ങൾ |
| **ഫ്രഞ്ച് ഭരണഘടന -**<br>സ്വാതന്ത്ര്യം, സമത്വം, സാഹോദര്യം എന്നീ തത്വങ്ങൾ |
| **കനേഡിയൻ ഭരണഘടന -**<br>അർദ്ധ ഫെഡറൽ സംവിധാനം , അവശിഷ്ടാധികാരം |

# 2. ഇന്ത്യൻ ഭരണഘടനയിലെ അവകാശങ്ങൾ

ഗവൺമെന്റ് നൽകുകയും സംരക്ഷിക്കുകയും ചെയ്യുന്ന പ്രത്യേക അവകാശങ്ങൾ ജനാധിപത്യ രാജ്യങ്ങളുടെ ഭരണഘടനകളിൽ ഉൾപ്പെടുത്താറുണ്ട്. ഈ പ്രത്യേക അവകാശങ്ങൾ അവകാശപത്രിക അഥവാ മൗലീക അവകാശങ്ങൾ എന്നറിയപ്പെടുന്നു.

## ഇന്ത്യൻ ഭരണഘടനയിലെ മൗലീക അവകാശങ്ങൾ

ഭരണഘടനയുടെ ഭാഗം 3 ൽ ഏഴ് മൗലീക അവകാശങ്ങൾ ഉൾപ്പെടുത്തുകയും ചെയ്തു. 1978 ൽ മൗലീക അവകാശങ്ങളുടെ എണ്ണം ആറായി കുറഞ്ഞു.

**1. സമത്വത്തിനുള്ള അവകാശം** - ഇന്ത്യയിൽ നിലനിന്നിരുന്ന സാമൂഹിക അസമത്വം ഇല്ലായ്മ ചെയ്യുന്നതിനായി നിയമത്തിനു മുമ്പിൽ സമത്വം, തുല്യമായ നിയമ സംരക്ഷണം, ജാതി, മതം, പ്രദേശം, ഭാഷ, ലിംഗം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനത്തിൽ നിന്നുള്ള സംരക്ഷണം, അയിത്ത നിർമാർജനം, തുല്യമായ വിദ്യാഭ്യാസ -തോഴിൽ അവസരങ്ങൾ, ബഹുമതികൾ നിർത്തലാക്കൽ എന്നീ അവകാശങ്ങൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**2 . സ്വാതന്ത്ര്യത്തിനുള്ള അവകാശം** – ജീവിക്കുവാനും വ്യക്തി സ്വാതന്ത്ര്യത്തിനുമുള്ള അവകാശം മൗലീക അവകാശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അഭിപ്രായ സ്വാതന്ത്ര്യം, സമ്മേളന സ്വാതന്ത്ര്യം , സംഘടനാ സ്വാതന്ത്ര്യം , സഞ്ചാര സ്വാതന്ത്ര്യം, പാർപ്പിട സ്വാതന്ത്ര്യം, തൊഴിൽ സ്വാതന്ത്ര്യം എന്നിവ ഭരണഘടന ഉറപ്പു നൽകുന്നു. അറസ്റ്റു ചെയ്യുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളും കുറ്റാരോപിതർ ആയവരുടെ അവകാശങ്ങളും ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുറ്റം ചെയ്യുവാൻ സാധ്യത ഉള്ളവരെ മുൻകരുതൽ തടങ്കലിൽ പാർപ്പിക്കുവാനുള്ള അധികാരം ഗവൺമെന്റിനുണ്ട്. സാമൂഹിക, ദേശ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ സാധ്യത ഉള്ളവരെ 3 മാസം വരെ വിചാരണ കൂടാതെ തടങ്കലിൽ പാർപ്പിക്കാവുന്നതാണ്.

**3 . ചൂഷണത്തിനെതിരെയുള്ള അവകാശം** - സമൂഹത്തിലെ ദുർബല വിഭാഗങ്ങളെ സംരക്ഷിക്കുന്നതിന് വേണ്ടിയാണ് ചൂഷണത്തിനെതിരെയുള്ള അവകാശം ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അടിമത്വം, മനുഷ്യ കച്ചവടം, നിർബന്ധിത തൊഴിൽ, **ബാലവേല** , സ്ത്രീ ചൂഷണം എന്നിവ തടയുവാൻ ഈ അവകാശം സഹായിക്കുന്നു.

**4 . മതസ്വാതന്ത്ര്യത്തിനുള്ള അവകാശം** - മതേതര രാജ്യമായ ഇന്ത്യയിൽ എല്ലാ പൗരന്മാർക്കും മതസ്വാതന്ത്ര്യമുണ്ട്. ഇഷ്ട മതം സ്വീകരിക്കുവാനും പിന്തുടരുവാനും പ്രചരിപ്പിക്കുവാനുമുള്ള അവകാശം പൗരന്മാർക്കുണ്ട്. ഒരു മതത്തിലും വിശ്വസിക്കാതെ ജീവിക്കുവാനും ഭരണഘടനാ പൗരനെ അനുവദിക്കുന്നു. എന്നാൽ ക്രമസമാധാനം, സദാചാരം, പൊതു ആരോഗ്യം എന്നിവയെ ബാധിക്കുന്ന രീതിയിലുള്ള മത ആചാരങ്ങൾ ഇന്ത്യയിൽ അനുവദനീയമല്ല. ഗവൺമെന്റ് പദവികൾ ഏതെങ്കിലും ഒരു പ്രത്യേക മതത്തിനു സംവരണം ചെയ്യുന്ന രീതി ഇന്ത്യയിൽ നിലവില്ല. സർക്കാർ സ്ഥാപനങ്ങളിൽ മതവിദ്യാഭ്യാസം നല്കുന്നതിനെയും ഭരണഘടന വിലക്കുന്നു.

**5 . ന്യൂനപക്ഷങ്ങളുടെ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ** – ഇന്ത്യയിലെ ന്യൂനപക്ഷങ്ങളുടെ സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശങ്ങൾ സംരക്ഷിക്കുന്നതാണ് അഞ്ചാമത്തെ മൗലീക അവകാശം. ഇന്ത്യയിലെ സാംസ്കാരികവും ഭക്ഷ്യപരവുമായ ന്യൂനപക്ഷ വിഭാഗങ്ങൾക്ക് അവരുടെ ഭാഷ, ലിപി സംസ്കാരം എന്നിവ സംരക്ഷിക്കുന്നതിനുള്ള അവകാശമുണ്ട്.

**6 . ഭരണഘടനാപരമായ പ്രധിവിധികൾക്കുള്ള അവകാശങ്ങൾ** - മൗലീക അവകാശങ്ങൾ നിക്ഷേധിക്കപെട്ടാൽ സുപ്രീം കോടതിയെയോ ഹൈകോടതിയെയോ സമീപിക്കുവാൻ പൗരന് അവകാശം നൽകുന്നതാണ് ആറാമത്തെ മൗലീക അവകാശം.

ഭരണഘടനാപരമായ പ്രധിവിധികൾക്കുള്ള അവകാശങ്ങളെ 'ഇന്ത്യൻ ഭരണഘടനയുടെ ആത്മാവും ഹൃദയവും' എന്നാണ് Dr B R അംബേദ്കർ വിശേഷിപ്പിച്ചത്. മൗലീകവകാശങ്ങൾ പുനഃസ്ഥാപിക്കുന്നതിനു വേണ്ടി കോടതി പുറപ്പെടുവിക്കുന്ന ഉത്തരവുകൾ റിട്ട് എന്നറിയപ്പെടുന്നു. ഇന്ത്യൻ ഭരണഘടനയിൽ അഞ്ച് റിട്ടുകളെ കുറിച്ചാണ് പരാമർശിച്ചിരിക്കുന്നത്.

**1 . ഹേബിയസ് കോർപ്പസ് -** അന്യായമായ തടങ്കലിലിൽ നിന്നും പൗരനെ മോചിപ്പിക്കുവാൻ പുറപ്പെടുവിക്കുന്ന ഉത്തരവാണ് ഹേബിയസ് കോർപസ്. ശരീരം ഹാജരാക്കിയ എന്നാണ് ഈ വാക്കിന്റെ അർഥം.

**2 . മാൻഡാമസ് -** മാൻഡാമസ് എന്ന വാക്കിന്റെ അർഥം കല്പന എന്നാണ്.ഔദ്യോഗിക ഉത്തരവാദിത്വം നിറവേറ്റാതിരിക്കുന്ന ഗവണ്മെന്റ് ഉദ്യോഗസ്ഥനോട് അവ കൃത്യമായി നിറവേറ്റുവാൻ കോടതി നൽകുന്ന ഉത്തരവാണ് ഈ റിട്ട് .

**3. പ്രൊഹിബിഷൻ (നിരോധനം) -** കീഴ്കോടതികൾ അവരുടെ അധികാരപരിധിയ്ക്ക് പുറത്തുള്ള വിഷയങ്ങളിൽ ഇടപെടുന്നത് തടഞ്ഞു കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവാണിത്.

**4. ക്വോ വാറന്റോ-** ക്വോ വാറന്റോ എന്ന വാക്കിനർത്ഥം എന്തധികാരത്തിന്മേൽ എന്നാണ് . ഒരു സർക്കാർ ഉദ്യോഗസ്ഥൻ തനിക്ക് അർഹതയില്ലാത്ത സ്ഥാനം വഹിക്കുന്നത് തടഞ്ഞു കൊണ്ട് പുറപ്പെടുവിക്കുന്ന കോടതി ഉത്തരവാണ് ക്വോ വാറന്റോ.

**5. സെർഷിയൊററി -** ഒരു കേസ് കീഴ്കോടതിയിൽ നിന്നും മേൽക്കോടതിയിലേയ്ക്ക് മാറ്റുവാൻ നൽകുന്ന ഉത്തരവാണ് സെർഷിയൊററി.

സ്വത്തവകാശം

1978 ലെ 44th ഭരണഘട്ടഭേദഗതിയിലൂടെ സ്വത്തവകാശം മൗലീക അവകാശങ്ങളുടെ പട്ടികയിൽ നിന്നും എടുത്തു മാറ്റപ്പെട്ടു. സ്വത്തവകാശം ഒരു സാധാരണ അവകാശം ആയതോടു കൂടി രാഷ്ട്ര പുരോഗതിയ്ക്കായി സ്വകാര്യ സ്വത്ത് ഏറ്റെടുക്കുവാനുള്ള പ്രക്രിയ കൂടുതൽ ലളിതമായി.

## രാഷ്ട്രനയത്തിന്റെ നിർദേശക തത്വങ്ങൾ

ഇന്ത്യൻ ഭരണഘടനയുടെ നാലാം ഭാഗത്തിൽ ഗവണ്മെന്റിനുള്ള മാർഗനിർദ്ദേശങ്ങളായ നിർദേശക തത്വങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നിർദേശക തത്വങ്ങളിൽ ഉൾക്കൊള്ളിച്ചിരിക്കുന്ന പ്രധാന തത്വങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

### സമൂഹത്തിന്റെ ലക്ഷ്യങ്ങൾ

ജനങ്ങളുടെ ക്ഷേമം ഉറപ്പുവരുത്തുക , ജനങ്ങളുടെ ജീവിതനിലവാരം ഉയർത്തുക, വിഭവങ്ങളുടെ ന്യായമായ വിതരണം , ലോകസമാധാനം വളർത്തുക

### ന്യായവാദർഹം അല്ലാത്ത അവകാശങ്ങൾ

ഉപജീവനത്തിനുള്ള അവകാശം, തുല്യജോലിയ്ക്ക് തുല്യ വേതനം , സാമ്പത്തിക ചൂഷണത്തിൽ നിന്നുള്ള മോചനം, തൊഴിലിനും വിദ്യാഭ്യാസത്തിനുമുള്ള അവകാശം

### ഗവൺമെൻറ് സ്വീകരിക്കേണ്ട നയങ്ങൾ

ഏകീകൃത സിവിൽ കോഡ് , മദ്യ നിരോധനം , കുടിൽ വ്യവസായങ്ങളുടെ വികസനം, മൃഗസംരക്ഷണം, ഗ്രാമ പഞ്ചായത്തുകളുടെ രൂപീകരണം

## മൗലീക അവകാശങ്ങളും നിർദേശക തത്വങ്ങളും തമ്മിലുള്ള വ്യത്യാസങ്ങൾ

| മൗലികാവകാശങ്ങൾ | നിർദ്ദേശ തത്വങ്ങൾ |
|---|---|
| ലംഘിക്കപ്പെടുകയാണെങ്കിൽ കോടതിയെ സമീപിക്കാം | ലംഘിക്കപ്പെട്ടാൽ കോടതിയെ സമീപിക്കാൻ കഴിയില്ല. |
| എന്തെങ്കിലും ചെയ്യുന്നതിൽ നിന്ന് സർക്കാരിനെ തടയുന്നു. | എന്തെങ്കിലും ചെയ്യാൻ സർക്കാരിനെ ഉദ്ബോധിപ്പിക്കുന്നു. |
| വ്യക്തികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നു. | മുഴുവൻ സമൂഹത്തിന്റെയും ക്ഷേമം ഉറപ്പാക്കുന്നു. |

**മൗലീക കർത്തവ്യങ്ങൾ -** 1976 ൽ നടപ്പാക്കിയ 42nd ഭരണഘടനാ ഭേദഗതിയിലൂടെ 10 മൗലീക കർത്തവ്യങ്ങൾ കൂട്ടി ചേർത്തു.

# 3 . തെരഞ്ഞെടുപ്പും പ്രാതിനിധ്യവും

## ഇന്ത്യയിലെ തെരഞ്ഞെടുപ്പ് സമ്പ്രദായം

### ഫസ്റ്റ് പാസ്റ്റ് ദ് പോസ്റ്റ് സിസ്റ്റം (FPTP സംവിധാനം)

ഇന്ത്യയിലെ ലോക് സഭ പ്രതിനിധികളെയും നിയമസഭാ പ്രതിനിധികളെയും തെരഞ്ഞെടുക്കുന്നത് FPTP സമ്പ്രദായം മുഖേനയാണ് . FPTP സംവിധാനം **ബഹുത്വ വ്യവസ്ഥ** എന്നും അറിയപ്പെടുന്നു.

### FPTP സമ്പ്രദായത്തിന്റെ സവിശേഷതകൾ

- രാജ്യത്തെ ചെറിയ നിയോജക മണ്ഡലങ്ങളായി തിരിക്കുന്നു.
- ഒരു നിയോജക മണ്ഡലത്തിൽ നിന്നും ഒരു പ്രതിനിധിയെ തെരഞ്ഞെടുക്കുന്നു.
- വോട്ടർമാർ സ്ഥാനാർത്ഥികൾക്ക് വോട്ട് രേഖപ്പെടുത്തുന്നു.
- തെരഞ്ഞെടുപ്പിൽ ലഭിച്ച വോട്ടിനേക്കാൾ കൂടുതൽ ശതമാനം സീറ്റുകൾ പാർട്ടികൾക്ക് ലഭിക്കുവാൻ സാധ്യതയുണ്ട്.
- തെരഞ്ഞെടുപ്പിൽ വിജയിക്കുവാൻ ഭൂരിപക്ഷം വോട്ടുകൾ ലഭിക്കണമെന്നില്ല.

### ആനുപാതിക പ്രാതിനിധ്യം

രാജ്യസഭാ MP മാരെയും രാഷ്ട്രപതിയെയും ഉപരാഷ്ട്രപതിയെയും തെരഞ്ഞെടുക്കുന്നത് ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥയിലൂടെയാണ്.

### ഏക കൈമാറ്റ വോട്ട് വ്യവസ്ഥ

രാജ്യസഭ അംഗങ്ങളെ തെരഞ്ഞെടുക്കുന്നത് ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥയുടെ വകഭേദമായ ഏക കൈമാറ്റ വോട്ട് വ്യവസ്ഥയിലൂടെയാണ്. രാജ്യസഭ തെരഞ്ഞെടുപ്പിൽ വിജയിക്കുവാൻ ഓരോ സ്ഥാനാർത്ഥിയും ഒരു നിശ്ചിത എണ്ണം വോട്ട് നേടിയിരിക്കണം . ഓരോ വോട്ടറും സ്ഥാനാർത്ഥികൾക്കുള്ള തന്റെ മുൻഗണന ബാലറ്റ് പേപ്പറിൽ രേഖപ്പെടുത്തണം. ഒന്നാം മുൻഗണന വോട്ടുകൾ എണ്ണി കഴിഞ്ഞതിനു ശേഷം നിശ്ചിത എണ്ണം പ്രതിനിധികളെ തെരഞ്ഞെടുക്കുവാൻ സാധിക്കുന്നില്ലെങ്കിൽ ഏറ്റവും കുറവ് വോട്ട് നേടിയ സ്ഥാനാർത്ഥിയെ മത്സരത്തിൽ നിന്നും പുറത്താക്കുകയും അയാൾക്ക് ലഭിച്ച വോട്ടുകൾ രണ്ടാം മുൻഗണനാ നേടിയ സ്ഥാനാർത്ഥിയ്ക്ക് കൈമാറ്റം ചെയ്യുകയും ചെയ്യുന്നു. നിശ്ചിത എണ്ണം പ്രതിനിധികളെ തെരഞ്ഞെടുക്കുന്നത് വരെ ഈ പ്രക്രിയ തുടരുന്നു.

### ആനുപാതിക പ്രാതിനിധ്യ വ്യവസ്ഥയുടെ സവിശേഷതകൾ

- രാജ്യത്തെ ഒരു നിയോജക മണ്ഡലമായോ വലിയ നിയോജക മണ്ഡലങ്ങളായോ തിരിക്കുന്നു.
- ഒരു നിയോജക മണ്ഡലത്തിൽ നിന്നും ഒന്നിലധികം പ്രതിനിധികളെ തെരഞ്ഞെടുക്കുന്നു.
- വോട്ടർമാർ പാർട്ടിക്ക് വോട്ട് രേഖപ്പെടുത്തുന്നു.
- തെരഞ്ഞെടുപ്പിൽ ലഭിച്ച വോട്ടിന് ആനുപാതികമായി പാർട്ടികൾക്ക് സീറ്റുകൾ ലഭിക്കുന്നു.
- തെരഞ്ഞെടുപ്പിൽ വിജയിക്കുവാൻ ഭൂരിപക്ഷം വോട്ടുകൾ ലഭിക്കണം.

## നിയോജക മണ്ഡലങ്ങളുടെ സംവരണം

ഇന്ത്യൻ സമൂഹത്തിലെ പിന്നോക്ക വിഭാഗങ്ങളുടെ പ്രതിനിധികൾ ജനപ്രതിനിധികൾ ആകുന്നതിനു വേണ്ടിയാണ് സംവരണം ഏർപ്പെടുത്തിയിരിക്കുന്നത്. ഒരു ജാതിയിൽ പെട്ട പ്രതിനിധിയെ തെരഞ്ഞെടുക്കുന്നതിനായി അതെ ജാതിയിൽ പെട്ട അംഗങ്ങൾ മാത്രം ഉൾകൊണ്ട **പ്രത്യേക നിയോജക മണ്ഡലങ്ങൾ** രൂപീകരിക്കുന്ന രീതിയാണ് ബ്രിട്ടീഷുകാർ

ഇന്ത്യയിൽ നടപ്പിലാക്കിയത്. എന്നാൽ ഈ രീതി ജാതീയമായ വേർതിരിവുകൾക്ക് കാരണമാകും എന്ന് കണക്കു കൂട്ടിയ ഇന്ത്യൻ ഭരണഘടനാ നിർമാതാക്കൾ **സംവരണ മണ്ഡലം** എന്ന ആശയമാണ് സ്വതന്ത്ര ഇന്ത്യയിൽ നടപ്പിലാക്കിയത്. സംവരണ നിയോജക മണ്ഡലങ്ങളിൽ പ്രത്യേക ജാതിയിൽ പെട്ടയാൾക്ക് മാത്രമേ സ്ഥാനാർത്ഥിയാകുവാൻ സാധിക്കുകയുള്ളൂ. എന്നാൽ ആ മണ്ഡലത്തിലെ എല്ലാ ജാതിയിൽ പെട്ട സമ്മതിദായകരും തെരഞ്ഞെടുപ്പിൽ വോട്ട് ചെയ്യുന്നു. നിലവിൽ പട്ടിക ജാതി, പട്ടിക വർഗ വിഭാഗങ്ങൾക്കാണ് പാർലമെന്റിലും സംസ്ഥാന നിയമ സഭകളിലും സംവരണമുള്ളത്.

## അതിർത്തി നിർണയ കമ്മീഷൻ

അതിർത്തി നിർണയ കമ്മീഷനെ നിയമിക്കുന്നത് രാഷ്ട്രപതിയാണ്. നിയോജക മണ്ഡലങ്ങളുടെ അതിർത്തികൾ നിർണയിക്കുന്നതും സംവരണ മണ്ഡലങ്ങൾ തീരുമാനിക്കുന്നതും അതിർത്തി നിർണയ കമ്മീഷനാണ് . പട്ടിക വർഗ വിഭാഗക്കാർ കൂടുതലുള്ള മണ്ഡലങ്ങളാണ് പട്ടിക വർഗ വിഭാഗത്തിനായി സംവരണം ചെയ്യുക. പട്ടിക ജാതി മണ്ഡലങ്ങൾ തീരുമാനിക്കുമ്പോൾ മണ്ഡലങ്ങളിലെ പട്ടിക ജാതി വിഭാഗത്തിന്റെ അംഗസംഖ്യക്കൊപ്പം ഈ മണ്ഡലങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആയി അനുവദിക്കുവാനും കമ്മീഷൻ ശ്രദ്ധിക്കുന്നു.

## സ്വതന്ത്രവും നിഷ്പക്ഷവുമായ തെരഞ്ഞെടുപ്പ്

## സാർവത്രിക വോട്ടവകാശം

ഒരു രാജ്യത്തിലെ പ്രായപൂർത്തിയായ എല്ലാ പൗരന്മാർക്കും വോട്ടവകാശം നൽകുന്നതിനെയാണ് പ്രായപൂർത്തി വോട്ടവകാശം എന്ന് പറയുന്നത്. 1989 വരെ 21 വയസ്സ് പൂർത്തിയായവർക്കായിരുന്നു ഇന്ത്യയിൽ വോട്ടവകാശം ഉണ്ടായിരുന്നത്. എന്നാൽ അറുപത്തിയൊന്നാം ഭരണഘടനാ ഭേദഗതിയിലൂടെ പ്രായപരിധി 18 വയസ്സായി കുറച്ചു. സമത്വം, വിവേചനമില്ലായ്മ എന്നീ ആശയങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് സാർവത്രിക വോട്ടവകാശം.

## തെരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതലകൾ

- വോട്ടർ പട്ടിക തയ്യാറാക്കുക.
- ഇലക്ഷന്റെ സമയക്രമം തീരുമാനിക്കുക.
- മാതൃക പെരുമാറ്റച്ചട്ടം തയ്യാറാക്കുക.
- അത്യാവശ്യ സാഹചര്യങ്ങളിൽ തെരഞ്ഞെടുപ്പ് മാറ്റി വെയ്ക്കുക .
- പ്രശ്നബാധിത പ്രദേശങ്ങളിൽ ആവശ്യത്തിനുള്ള മുൻകരുതലുകൾ എടുക്കുക.
- ക്രമക്കേടുകൾ നടന്ന ബൂത്തുകളിലോ മണ്ഡലങ്ങളിലോ തെരഞ്ഞെടുപ്പ് റദ്ദാക്കി വീണ്ടും തെരഞ്ഞെടുപ്പ് നടത്തുക.
- തർക്കം ഉന്നയിക്കപ്പെടുകയാണെങ്കിൽ വീണ്ടും വോട്ട് എണ്ണുവാൻ തീരുമാനിക്കുക.
- രാഷ്ട്രീയ പാർട്ടികൾക്ക് അംഗീകാരവും ചിഹ്നവും നൽകുക.

## തെരഞ്ഞെടുപ്പ് പരിഷ്കാരങ്ങൾ

ലോകത്തിലെ മികച്ച തെരഞ്ഞെടുപ്പ് വ്യവസ്ഥകളിൽ ഒന്നാണ് ഇന്ത്യയിൽ നിലനിൽക്കുന്നത്. എന്നാൽ ഇന്ത്യൻ തെരഞ്ഞെടുപ്പ് വ്യവസ്ഥയും പരിപൂർണമല്ല . ഇന്ത്യൻ തെരഞ്ഞെടുപ്പ് വ്യവസ്ഥ കൂടുതൽ മികവുറ്റതാക്കുന്നതിനായി സ്വീകരിക്കാവുന്ന ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇന്ത്യയിലെ തെരഞ്ഞെടുപ്പ് ആനുപാതിക പ്രാധിനിത്യ വ്യവസ്ഥയിലേക്ക് മാറ്റുക.
2. സ്ത്രീ സംവരണം നടപ്പിലാക്കുക.
3. തിരഞ്ഞെടുപ്പുകളിൽ പണത്തിന്റെ പങ്ക് നിയന്ത്രിക്കുന്നതിന് കർശനമായ വ്യവസ്ഥകൾ ഏർപ്പെടുത്തുക.
4. ക്രിമിനൽ പശ്ചാത്തലമുള്ള സ്ഥാനാർത്ഥികളെ തിരഞ്ഞെടുപ്പിൽ നിന്ന് വിലക്കുക.

5. ജാതിയും മതപരമായ തെരഞ്ഞെടുപ്പ് പ്രചാരണം പൂർണ്ണമായും നിരോധിക്കുക
6. രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തനം സുതാര്യവും ജനാധിപത്യപരവുമാക്കുക.

# 4. കാര്യനിർവഹണ വിഭാഗം

ഗവൺമെന്റിന്റെ അധികാരങ്ങൾ കാര്യനിർവഹണ വിഭാഗം,നിയമനിർമാണ വിഭാഗം, നീതിന്യായ വിഭാഗം എന്നീ മൂന്ന് വിഭാഗങ്ങൾക്കായി വിഭജിച്ചു നൽകിയിരിക്കുന്നു. നിയമനിർമാണസഭ അംഗീകരിച്ച നയങ്ങളും നിയമങ്ങളും നടപ്പിലാക്കുക എന്നതാണ് കാര്യനിർവഹണവിഭാഗത്തിന്റെ പ്രധാന ഉത്തരവാദിത്വങ്ങൾ.

## വിവിധ തരം എക്സിക്യൂട്ടീവുകൾ

പാർലമെൻററി എക്സിക്യൂട്ടീവും പ്രസിഡൻഷ്യൽ എക്സിക്യൂട്ടീവുമാണ് നിലവിലുള്ള പ്രധാന എക്സിക്യൂട്ടീവുകൾ.

| പാർലമെൻററി എക്സിക്യൂട്ടീവ് | പ്രസിഡൻഷ്യൽ എക്സിക്യൂട്ടീവ് |
|---|---|
| കൂട്ടുത്തരവാദിത്വമുണ്ട്. | കൂട്ടുത്തരവാദിത്വമില്ല. |
| രാഷ്ട്രതലവൻ രാജാവോ പ്രസിഡന്റോ ആണ്. ഗവണ്മെന്റ് തലവൻ പ്രധാനമന്ത്രിയും. | രാഷ്ട്രത്തിന്റെയും ഗവൺമെന്റിന്റെയും തലവൻ പ്രസിഡന്റാണ്. |
| പ്രസിഡന്റിനെ പാർലമെന്റ് തെരഞ്ഞെടുക്കുന്നു. | പ്രസിഡന്റിനെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കുന്നു. |
| ഗവണ്മെന്റിന്റെ തലവനായ പ്രധാനമന്ത്രിയ്ക്ക് പാർലമെന്റിനോട് ഉത്തരവാദിത്തമുണ്ട്. | ഗവണ്മെന്റിന്റെ തലവനായ പ്രസിഡന്റിന് പാർലമെന്റിനോട് ഉത്തരവാദിത്തമില്ല. |
| ഗവണ്മെന്റ് തലവൻ പാർലമെന്റിലെ അംഗമാണ് | ഗവണ്മെന്റ് തലവൻ പാർലമെറ്റിന്റിലെ അംഗമല്ല |
| രാഷ്ട്രത്തലവന് നാമമാത്രമായ അധികാരമേയുള്ളു | രാഷ്ട്രത്തലവന് വിപുലമായ അധികാരമുണ്ട്. |
| ഉദാ: ഇന്ത്യ, ബ്രിട്ടൺ, ജപ്പാൻ, ജർമ്മനി, കാനഡ, ഇറ്റലി, പൊർച്ചുഗൽ | ഉദാ: USA, ബ്രസീൽ |

## ഇന്ത്യയിലെ പാർലമെൻററി എക്സിക്യൂട്ടീവ്

കേന്ദ്രത്തിലും സംസ്ഥാനങ്ങളിലും പാർലമെൻററി എക്സിക്യൂട്ടീവ് വ്യവസ്ഥയാണ് ഇന്ത്യൻ ഭരണഘടന നിർദേശിച്ചിരിക്കുന്നത്. രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും മന്ത്രിസഭയും ബ്യൂറോക്രസിയും അടങ്ങുന്നതാണ് കേന്ദ്ര എക്സിക്യൂട്ടീവ്. ഗവർണറും മുഖ്യമന്ത്രിയും മന്ത്രിമാരും ഉദ്യോഗസ്ഥന്മാരും അടങ്ങിയതാണ് സംസ്ഥാന എക്സിക്യൂട്ടീവ്.

### ഇന്ത്യ പാർലമെൻററി വ്യവസ്ഥ സ്വീകരിക്കുവാനുള്ള കാരണങ്ങൾ

1. **പരിചിതമായ വ്യവസ്ഥ** - ബ്രിട്ടീഷ് ഭരണകാലത്തു ചെറിയ തോതിലുള്ള പാർലമെൻററി വ്യവസ്ഥ ഇന്ത്യയിൽ നിലനിന്നിരുന്നു.
2. **ഉത്തരവാദിത്വമുള്ള ഗവണ്മെന്റ്** - ജനങ്ങളോടും പാർലമെന്റിനോടും ഉത്തരവാദിത്വമുള്ളതാണ് പാർലമെൻററി വ്യവസ്ഥ.
3. **വ്യക്തിപൂജയെ എതിർക്കുന്നു** - പാർലമെൻററി വ്യവസ്ഥയിൽ വ്യക്തിപൂജയ്ക്കും സ്വേച്ഛാധിപത്യത്തിനുമുള്ള സാധ്യത കുറവാണ് .

## രാഷ്ട്രപതി

രാഷ്ട്രപതിയാണ് ഇന്ത്യയുടെ രാഷ്ട്രത്തലവൻ. ഇന്ത്യയുടെ പ്രഥമപൗരൻ എന്നറിയപെടുന്നതും രാഷ്ട്രപതിയാണ്. ഡോ: രാജേന്ദ്ര പ്രസാദ് ആയിരുന്നു ഇന്ത്യയുടെ പ്രഥമ രാഷ്ട്രപതി. റാം നാഥ് കോവിന്ദ് ആണ് ഇന്ത്യയുടെ നിലവിലുള്ള രാഷ്ട്രപതി.

**രാഷ്ട്രപതിയുടെ തെരഞ്ഞെടുപ്പ്**

പാർലമെന്റിലെയും സംസ്ഥാന നിയമസഭകളിലെയും തെരഞ്ഞെടുക്കപെട്ട അംഗങ്ങളടങ്ങിയ ഒരു ഇലക്ടറൽ കോളേജ് ആണ് രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നത്. രാഷ്ട്രപതിയുടെ കാലാവധി 5 വർഷമാണ്.

**രാഷ്ട്രപതിയുടെ വിവേചനാധികാരങ്ങൾ**

ചില പ്രത്യേക സാഹചര്യങ്ങളിൽ സ്വതന്ത്ര തീരുമാനം എടുക്കുവാനുള്ള ഇന്ത്യൻ രാഷ്ട്രപതിയുടെ അവകാശം വിവേചനാധികാരം എന്നറിയപ്പെടുന്നു. മൂന്ന് വ്യത്യസ്ത സാഹചര്യങ്ങളിലാണ് രാഷ്ട്രപതിക്ക് വിവേചനാധികാരം ഉപയോഗിക്കുവാൻ സാധിക്കുന്നത്.

1. മന്ത്രിസഭ നൽകിയ ഉപദേശം പുനഃപരിശോധനയ്ക്ക് വേണ്ടി തിരിച്ചയയ്ക്കാവുന്നതാണ്. മന്ത്രിസഭ തീരുമാനം മാറ്റമൊന്നും കൂടാതെ വീണ്ടും അനുമതിയ്ക്കായി സമർപ്പിച്ചാൽ അംഗീകരിക്കുവാൻ രാഷ്ട്രപതി നിർബന്ധിതനാണ്.
2. പാർലമെന്റ് പാസ്സാക്കിയ ബില്ലുകൾ പുനഃപരിശോധനയ്ക്ക് വേണ്ടി തിരിച്ചയയ്ക്കുകയോ ഒപ്പ് വെയ്ക്കാതെ കയ്യിൽ വെയ്ക്കുകയോ ചെയ്യാവുന്നതാണ്. ബില്ല് ഒപ്പു വെയ്ക്കാതെ രാഷ്ട്രപതി കൈവശം വെക്കുന്നതിനെ 'പോക്കറ്റ് വീറ്റൊ' എന്നാണ് വിശേഷിപ്പിക്കുന്നത്. ബില്ല് മാറ്റമൊന്നും കൂടാതെ വീണ്ടും പാസ്സാക്കിയതിനു ശേഷം രാഷ്ട്രപതിയുടെ അനുമതിയ്ക്കായി സമർപ്പിച്ചാൽ ഒപ്പിടാൻ രാഷ്ട്രപതി നിർബന്ധിതനാണ്.
3. ലോക്സഭ തെരഞ്ഞെടുപ്പിൽ ഒരു രാഷ്ട്രീയ പാർട്ടിയ്ക്കും വ്യക്തമായ ഭൂരിപക്ഷം കിട്ടിയില്ലെങ്കിൽ രാഷ്ട്രപതിയ്ക്ക് വിവേചനാധികാരം ഉപയോഗിച്ച പ്രധാനമന്ത്രിയെ തെരഞ്ഞെടുക്കാവുന്നതാണ് .

## പ്രധാനമന്ത്രി

പാർലമെൻററി സമ്പ്രദായത്തിൽ വളരെ പ്രധാനപ്പെട്ട പദവിയാണ് പ്രധാനമന്ത്രിസ്ഥാനം. പ്രധാനമന്ത്രിയെ നിയമിക്കുന്നത് രാഷ്ട്രപതിയാണ്. ലോക്സഭയിലെ ഭൂരിപക്ഷപാർട്ടിയുടെയോ/ കക്ഷിയുടെയോ നേതാവിനെയാണ് പ്രധാനമന്ത്രിയായി നിയമിക്കുന്നത്. ലോക്സഭ തെരഞ്ഞെടുപ്പിൽ ഒരു രാഷ്ട്രീയ പാർട്ടിയ്ക്കും വ്യക്തമായ ഭൂരിപക്ഷം കിട്ടിയില്ലെങ്കിൽ രാഷ്ട്രപതിയ്ക്ക് വിവേചനാധികാരം ഉപയോഗിച്ച പ്രധാനമന്ത്രിയെ തെരഞ്ഞെടുക്കാവുന്നതാണ് .

**പ്രധാനമന്ത്രിയുടെ അധികാരങ്ങൾ**

1. രാഷ്ട്രപതിയെ ഉപദേശിക്കുക
2. മന്ത്രിമാരെ തെരഞ്ഞെടുക്കുക
3. മന്ത്രിമാരുടെ റാങ്കും വകുപ്പുകളും തീരുമാനിക്കുക
4. രാഷ്ട്രപതിയും മന്ത്രിസഭയും തമ്മിലുള്ള കണ്ണിയായി പ്രവർത്തിയ്ക്കുക
5. ഗവൺമെന്റിന്റെ നയങ്ങൾ തീരുമാനിക്കുക
6. രാജ്യത്തെ അന്താരാഷ്ട്രതലത്തിൽ പ്രതിനിധാനം ചെയ്യുക

**ബ്യൂറോക്രസി - സ്ഥിരം എക്സിക്യൂട്ടീവ്**

നയങ്ങൾ രൂപീകരിക്കുവാനും നടപ്പിലാകുവാനും മന്ത്രിമാരെ സഹായിക്കുന്ന ഉദ്യോഗസ്ഥവൃന്ദമാണ് ബ്യൂറോക്രസി. ഗവൺമെൻറ് ഉദ്യോഗസ്ഥന്മാർ സജീവ രാഷ്ട്രീയ പ്രവർത്തനം നടത്തുവാൻ പാടില്ല. രാഷ്ട്രീയ എക്സിക്യൂട്ടീവും സ്ഥിരം എക്സിക്യൂട്ടീവും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ താഴെ കൊടുക്കുന്നു.

| രാഷ്ട്രീയ എക്സിക്യൂട്ടീവ് (മന്ത്രിമാർ) | സ്ഥിരം എക്സിക്യൂട്ടീവ് (ഉദ്യോഗസ്ഥന്മാർ) |
|---|---|

| | |
|---|---|
| ജനങ്ങൾ തെരഞ്ഞെടുക്കുന്നു | മത്സരപരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെടുന്നു |
| നിശ്ചിതമായ വിദ്യാഭ്യാസ യോഗ്യത നിഷ്കർഷിക്കുന്നില്ല | നിശ്ചിതമായ വിദ്യാഭ്യാസ യോഗ്യത ആവശ്യമാണ് |
| സ്ഥിരമല്ല. 5 വർഷമാണ് കാലാവധി. | സ്ഥിരമാണ്. വിരമിക്കൽ പ്രായം വരെ തുടരാം. |
| പരിശീലനം ലഭിച്ചവരല്ല | പരിശീലനം ലഭിച്ചവരാണ് |

**ഇന്ത്യൻ സിവിൽ സർവീസിന്റെ ഘടന**

ഇന്ത്യൻ സിവിൽ സർവീസിനെ മൂന്ന് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

**അഖിലേന്ത്യാ സർവീസ്** - കേന്ദ്ര ഗവണ്മെന്റിനും സംസ്ഥാന ഗവണ്മെന്റുകൾക്കും കീഴിൽ ജോലി ചെയ്യുന്ന ഉദ്യോഗസ്ഥ വിഭാഗമാണ് അഖിലേന്ത്യാ സർവീസിൽ ഉൾപ്പെട്ടിരിക്കുന്നത്. ഇന്ത്യൻ അഡ്മിനിസ്ട്രേറ്റീവ് സർവീസ് ,ഇന്ത്യൻ പോലീസ് സർവീസ്, ഇന്ത്യൻ ഫോറസ്റ്റ് സർവീസ് എന്നിവയാണ് നിലവിലുള്ള 3 അഖിലേന്ത്യാ സർവീസുകൾ.

**കേന്ദ്ര സർവീസ്** - കേന്ദ്ര സർക്കാറിനു കീഴിൽ മാത്രം ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്മാർ കേന്ദ്ര സർവീസിന്റെ ഭാഗമാണ്. ഇന്ത്യൻ വിദേശ സർവീസ്, ഇന്ത്യൻ റെയിൽവേ സർവീസ്, ഇന്ത്യൻ റവന്യൂ സർവീസ് സർവീസ് തുടങ്ങിയവ കേന്ദ്ര സർവീസിന് ഉദാഹരണങ്ങളാണ്

**സംസ്ഥാന സർവീസ്** - സംസ്ഥാന സർക്കാറിനു കീഴിൽ മാത്രം ജോലി ചെയ്യുന്ന ഉദ്യോഗസ്ഥന്മാർ സംസ്ഥാന സംസ്ഥാന വില്പന നികുതി ഉദ്യോഗസ്ഥന്മാർ, സംസ്ഥാന സിവിൽ സർവീസ് തുടങ്ങിയവ സംസ്ഥാന സർവീസിന്റെ ഭാഗമാണ്.

അഖിലേന്ത്യാ സർവീസിലേയും കേന്ദ്ര സർവീസിലേയും ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുക്കുന്നത് യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ ആണ്. സംസ്ഥാന സർവീസിലേയും ഉദ്യോഗസ്ഥന്മാരെ തെരഞ്ഞെടുക്കുന്നത് അതാത് സംസ്ഥാനത്തെ പബ്ലിക് സർവീസ് കമ്മീഷനുകൾ ആണ്.

**ബ്യൂറോസാസിയ്ക്ക് എതിരെയുള്ള വിമർശനങ്ങൾ**

- പല ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരെയും സമീപിക്കുവാൻ പൊതുജനങ്ങൾക്ക് സാധിക്കാറില്ല.
- പല ഗവൺമെന്റ് ഉദ്യോഗസ്ഥന്മാരും പൊതുജനങ്ങളുടെ പ്രശ്നങ്ങളിൽ താല്പര്യം കാണിക്കാറില്ല.
- പൊതുജനങ്ങളുടെ ആവശ്യങ്ങൾ പലപ്പോഴും കൃത്യസമയത്തു നിറവേറ്റി കൊടുക്കാറില്ല.
- ഉദ്യോഗസ്ഥന്മാരിൽ അഴിമതിക്കാരുണ്ട്.
- രാഷ്ട്രീയ ഇടപെടൽ മൂലം ഉദ്യോഗസ്ഥന്മാർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ സാധികാത്ത സാഹചര്യങ്ങളുണ്ട്.

# 5. നിയമനിർമാണ സഭ

രാജ്യത്തിന് അവശ്യമായ നിയമങ്ങൾ നിർമിക്കുന്നത് നിയമനിർമാണസഭയാണ്. രാജ്യസഭയും ലോക്സഭയും അടങ്ങിയ രണ്ട് മണ്ഡലങ്ങളുള്ള പാർലമെന്റാണ് ഇന്ത്യയുടെ നിയമനിർമ്മാണസഭ. പാർലമെന്റിനു രണ്ടു മണ്ഡലങ്ങൾ ഉണ്ടാകുവാനുള്ള കാരണങ്ങൾ താഴെ കൊടുക്കുന്നു.

1. രാജ്യത്തിലെ എല്ലാ വിഭാഗങ്ങൾക്കും പ്രാതിനിധ്യം ലഭിക്കും.
2. പാർലമെൻ്റിലെടുക്കുന്ന തീരുമാനങ്ങൾ പുനഃപരിശോധനാ ചെയ്യുവാൻ സാധിക്കുന്നു.

സംസ്ഥാന തലത്തിൽ നിയമനിർമാണം നടത്തുന്നത് നിയമസഭകളാണ്. ബീഹാർ, കർണാടക, മഹാരാഷ്ട്ര, ഉത്തർ പ്രദേശ് എന്നെ സംസ്ഥാനങ്ങളിലെ നിയമസഭകൾ ദ്വിമണ്ഡലസഭകളാണ്. മറ്റു സംസ്ഥാനങ്ങളിൽ ഏകമണ്ഡല സഭകളാണ് നിലനിൽക്കുന്നത്.

## രാജ്യസഭയും ലോക്സഭയും തമ്മിലുള്ള പ്രധാനവ്യത്യാസങ്ങൾ

| രാജ്യസഭ | ലോക്സഭ |
|---|---|
| ഉപരിസഭയാണ്. | അധോസഭയാണ്. |
| സംസ്ഥാനങ്ങളെ പ്രതിനിധാനം ചെയ്യുന്നു. | ജനങ്ങളെ പ്രതിനിധാനം ചെയ്യുന്നു. |
| പരോക്ഷമായ തെരഞ്ഞെടുപ്പ്. | പ്രത്യക്ഷമായ തെരഞ്ഞെടുപ്പ്. |
| അംഗങ്ങളെ MLA മാർ തെരഞ്ഞെടുക്കുന്നു. | ജനങ്ങൾ തെരഞ്ഞെടുക്കുന്നു. |
| സ്ഥിരം സഭയാണ്. | സ്ഥിരം സഭയല്ല. |
| കാലാവധി 6 വർഷമാണ്. | കാലാവധി 5 വർഷമാണ്. |
| അംഗമാകുവാൻ 30 വയസ്സ് വേണം. | അംഗമാകുവാൻ 25 വയസ്സ് വേണം. |
| പരമാവധി അംഗസംഖ്യ ആണ്. | പരമാവധി അംഗസംഖ്യ 545 ആണ്. |
| കല, ശാസ്ത്ര, സാമൂഹിക മേഖലകളിൽ നിന്നും 12 പേരെ രാഷ്ട്രപതി നാമനിർദേശം ചെയ്യുന്നു | രണ്ട് ആംഗ്ലോ ഇന്ത്യൻ പ്രതിനിധികളെ രാഷ്ട്രപതി നാമനിർദേശം ചെയ്യുന്നു. |

## പാർലമെന്റിന്റെ ചുമതലകൾ

**1. നിയമനിർമാണം** -രാജ്യത്തിനാവശ്യമായ നിയമങ്ങൾ നിർമിക്കുന്നത് പാർലമെന്റാണ്. നിയമനിർമാണത്തിൽ പാർലമെന്റിനു ബ്യൂറോക്രസിയുടെ സഹായം ലഭിക്കുന്നുണ്ട്.

**2. എക്സിക്യൂട്ടീവിനെ നിയന്ത്രിക്കുക** - ഗവണ്മെന്റിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുവാനും വിമർശിക്കുവാനുമുള്ള അധികാരം പാർലമെന്റിനുണ്ട്. വിവിധ വകുപ്പുകളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ പാർലമെന്റങ്ങൾക്ക് മന്ത്രിമാരോട് ചോദിക്കുവാനുള്ള അവസരമുണ്ട്.

**3. സാമ്പത്തിക നിയന്ത്രണം** - ഗവൺമെന്റിന്റെ വാർഷിക വരവ് ചെലവ് കണക്കായ ബജറ്റിനു അംഗീകാരം നൽകുന്നത് പാർലമെന്റാണ്, നികുതി പിരിക്കുന്ന വിഷയത്തിൽ പാർലമെന്റ് കൃത്യമായ നിയന്ത്രണം ഏർപെടുത്താറുണ്ട്.

**4. പ്രാതിനിധ്യം** - രാജ്യത്തെ വിവിധ ജനവിഭാഗങ്ങളുടെ പ്രതിനിധികളാണ് പാർലമെന്റിലെ അംഗങ്ങൾ.

**5. ചർച്ചാപരമായ ചുമതല -** നമ്മുടെ രാജ്യത്തെ ഉന്നതമായ ചർച്ചാവേദിയാണ് പാർലമെന്റ്. രാജ്യവുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ പാർലമെന്റിൽ ചർച്ച ചെയ്യപ്പെടുന്നു.

**6. ഭരണഘടനപരമായ ചുമതല -** ഇന്ത്യൻ ഭരണഘടനയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാനുള്ള അധികാരവും പാർലമെന്റിനു നൽകപ്പെട്ടിരിക്കുന്നു.

**7. തെരഞ്ഞെടുപ്പ് ചുമതല -** ഇന്ത്യൻ രാഷ്ട്രപതിയെയും ഉപരാഷ്ട്രപതിയെയും തെരഞ്ഞെടുക്കുന്നത് പാർലമെന്റാണ്.

**8. നീതിന്യായ ചുമതലകൾ -** ഇന്ത്യൻ രാഷ്ട്രപതിയെയും ഉപരാഷ്ട്രപതിയെയും ഹൈകോടതിയിലെയും സുപ്രീം കോടതിയിലെയും ജഡ്ജിമാരെയും പുറത്താക്കുവാനുള്ള അധികാരം പാർലമെന്റിനുണ്ട്.

## ലോക് സഭയുടെ പ്രത്യേക അധികാരങ്ങൾ

1. ധന ബില്ലുകൾ ആദ്യം അവതരിപ്പിക്കുന്നത് ലോക് സഭയിലാണ്. ധനബില്ലുകൾ തള്ളിക്കളയുവാനുള്ള അധികാരം ലോക് സഭയ്ക്ക് മാത്രമേയുള്ളൂ.
2. കേന്ദ്ര ഗവണ്മെന്റിനു എതിരെയുള്ള അവിശ്വാസ പ്രമേയം ലോക് സഭയിലാണ് അവതരിപ്പിക്കുന്നത്. കേന്ദ്ര ഗവണ്മെന്റിനെ പുറത്താക്കാനുള്ള അധികാരം ലോക് സഭയ്ക്ക് മാത്രമേയുള്ളൂ.

## രാജ്യ സഭയുടെ പ്രത്യേക അധികാരങ്ങൾ

1. സംസ്ഥാന ലിസ്റ്റിലുള്ള വിഷയങ്ങൾ യൂണിയൻ ലിസ്റ്റിലേയ്ക്കോ കൺ കറന്റ് ലിസ്റ്റിലൈക്കോ മാറ്റുന്നതിന് രാജ്യ സഭയുടെ അംഗീകാരം വേണം.

## ഇന്ത്യൻ പാർലമെന്റിലെ നിയമ നിർമ്മാണം

നിയമനിർമ്മാണം പാർലമെന്റിന്റെ അടിസ്ഥാന പ്രവർത്തനമാണ്. ബിൽ തയ്യാറാക്കുന്നത് നിയമനിർമ്മാണത്തിന്റെ പ്രാരംഭ ഘട്ടമാണ്. നിർദ്ദിഷ്ട നിയമത്തിന്റെ കരട് രൂപമാണ് ബിൽ.

**വിവിധ തരം ബില്ലുകൾ**

**1. സർക്കാർ ബിൽ -** സർക്കാർ ബിൽ മന്ത്രി അവതരിപ്പിക്കുന്നു. സാധാരണയായി ബന്ധപ്പെട്ട മന്ത്രാലയമാണ് ബിൽ തയ്യാറാക്കുന്നത്.

**2. സ്വകാര്യ അംഗങ്ങളുടെ ബിൽ -** സ്വകാര്യ അംഗത്തിന്റെ ബിൽ അവതരിപ്പിക്കുന്നത് പ്രതിപക്ഷ പാർട്ടിയിൽ പെട്ട അംഗങ്ങൾ ആണ് . സ്വകാര്യ അംഗങ്ങളുടെ ബിൽ തയ്യാറാക്കുന്നതിനും അവതരിപ്പിക്കുന്നതിനും പ്രതിപക്ഷ പാർട്ടികൾ ആണ്.

**നിയമനിർമ്മാണത്തിന്റെ ഘട്ടങ്ങൾ**

**പുതിയ നിയമനിർമ്മാണത്തിന്റെ ആവശ്യകതയെക്കുറിച്ചുള്ള ചർച്ച** രാഷ്ട്രീയ പാർട്ടികൾ, താൽപര്യ ഗ്രൂപ്പുകൾ, മാധ്യമങ്ങൾ, പൗരന്മാരുടെ ഫോറങ്ങൾ എന്നിവ പുതിയ നിയമനിർമ്മാണത്തിന്റെ ആവശ്യകതയെക്കുറിച്ച് ചർച്ചചെയ്യുന്നു

**ബിൽ തയ്യാറാക്കൽ** സർക്കാർ ബിൽ ബന്ധപ്പെട്ട മന്ത്രാലയം തയ്യാറാക്കുന്നു. ബില്ലുകൾ തയ്യാറാക്കുന്നതിൽ ബ്യൂറോക്രാറ്റുകൾ സജീവ പങ്ക് വഹിക്കുന്നു.

**ആദ്യ വായന -** ലോക്സഭയിലോ രാജ്യസഭയിലോ ഒരു അംഗം ബിൽ അവതരിപ്പിക്കുന്നു. ആദ്യ വായനയ്ക്ക് ശേഷം ഒരു ചർച്ചയും നടക്കുന്നില്ല.

**കമ്മിറ്റി ഘട്ടം -** വിശദമായ പഠനത്തിനായി ബിൽ കമ്മിറ്റിക്ക് അയയ്ക്കുന്നു. സമിതിക്ക് ബില്ലിൽ ആവശ്യമായ മാറ്റങ്ങൾ വരുത്താൻ കഴിയും.

**രണ്ടാമത്തെ വായന -** കമ്മിറ്റി വരുത്തിയ പരിഷ്കാരങ്ങൾക്ക് ശേഷം ബിൽ പാർലമെന്റിൽ വായിക്കുന്നു.

**പൊതു ചർച്ച -** ബില്ലിലെ എല്ലാ വ്യവസ്ഥകളും പാർലമെന്റിൽ ചർച്ച ചെയ്യുകയും വോട്ടുചെയ്യുകയും ചെയ്യുന്നു.

**മൂന്നാമത്തെ വായന -** ബില്ലിന്റെ അവസാന പതിപ്പ് സഭയിൽ അവതരിപ്പിക്കുന്നു. ഈ ഘട്ടത്തിൽ, മാറ്റങ്ങളൊന്നും സംഭവിക്കുന്നില്ല.

**വോട്ടിംഗ് -** മൂന്നാം വായനയ്ക്ക് ശേഷം ബിൽ വോട്ടിനിടുന്നു.

**അടുത്ത സഭയിൽ ബില്ല് അവതരിപ്പിക്കുന്നു -** ഒരു സഭയിൽ ബിൽ പാസായാൽ , അത് മറ്റൊരു സഭയിലേക്ക് അയയ്ക്കുകയും അവിടെ സമാനമായ നടപടിക്രമത്തിലൂടെ കടന്നുപോകുകയും ചെയ്യുന്നു.

**രാഷ്ട്രപതിയുടെ അനുമതി -** ഇരുസഭകളും ബിൽ പാസാക്കി കഴിഞ്ഞാൽ അത് രാഷ്ട്രപതിയുടെ അനുമതിക്കായി അയയ്ക്കുന്നു. രാഷ്ട്രപതിയുടെ അനുമതി ലഭിക്കുന്നതോട് കൂടി ബിൽ നിയമമായി പ്രാബല്യത്തിൽ വരുന്നു.

**പാർലമെന്റിന്റെ സംയുക്ത സമ്മേളനം -** നിർദ്ദിഷ്ട ബില്ലിൽ ഇരുസഭകളും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ, പാർലമെന്റിന്റെ ഇരുസഭകളുടെയും സംയുക്ത സമ്മേളനത്തിലൂടെ അത് പരിഹരിക്കാനുള്ള ശ്രമം നടക്കുന്നു.

## എക്സിക്യൂട്ടീവിന്റെ മേൽ പാർലമെന്ററി നിയന്ത്രണം

എക്സിക്യൂട്ടീവിനെ നിയന്ത്രിക്കാൻ പാർലമെന്റ് ഉപയോഗിക്കുന്ന പ്രധാന ഉപകരണങ്ങൾ ചുവടെ ചേർക്കുന്നു.

**1. ചർച്ചകളും പര്യാലോചനകളും -** സർക്കാരിൻറെ പ്രവർത്തനം വിലയിരുത്തുന്നതിനും പരിശോധിക്കുന്നതിനും പാർലമെന്റംഗങ്ങൾക്ക് മതിയായ അവസരങ്ങൾ ലഭിക്കുന്നു. ചോദ്യോത്തര വേള , ശൂന്യവേള , അരമണിക്കൂർ ചർച്ചാ, അടിയന്തര പ്രമേയം തുടങ്ങിയവ പാർലമെന്റ് നിയന്ത്രണത്തിന്റെ പ്രധാന ഉപകരണങ്ങളാണ്. അംഗങ്ങൾക്ക് ചോദ്യങ്ങൾ ചോദിച്ച് വിവിധ സാമൂഹിക പ്രശ്നങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിക്കാൻ കഴിയും. കൂടുതൽ ഉത്തരവാദിത്തത്തോടെ തങ്ങളുടെ ചുമതലകൾ നിർവഹിക്കാൻ മന്ത്രിമാരെ ഇത് നിർബന്ധിക്കുന്നു.

**2. നിയമങ്ങൾ അംഗീകരിക്കാൻ -** പാർലമെന്റിന്റെ അംഗീകാരത്തോടെ മാത്രമേ ഒരു ബിൽ നിയമമാക്കുവാൻ കഴിയൂ. വ്യക്തമായ ഭൂരിപക്ഷമുള്ള ഒരു സർക്കാരിന് നിയമനിർമ്മാണത്തിൽ പാർലമെന്റിന്റെ അംഗീകാരം ലഭിക്കാൻ പ്രയാസമില്ല. എന്നാൽ രാജ്യസഭയിൽ ന്യൂനപക്ഷമായ ഒരു സഖ്യ സർക്കാരിനോ സർക്കാരിനോ നിയമനിർമ്മാണ വേളയിൽ വിട്ടുവീഴ്ചകളും ഇളവുകളും നൽകാൻ നിർബന്ധിതരാകും.

**3. സാമ്പത്തിക നിയന്ത്രണം -** ബജറ്റ് അംഗീകരിക്കാനും നിരസിക്കാനും പാർലമെന്റിന് അധികാരമുണ്ട്. സർക്കാരിന് പണം ആവശ്യമുള്ള കാരണങ്ങൾ ചർച്ച ചെയ്തുകൊണ്ട് പാർലമെന്റിന് എക്സിക്യൂട്ടീവിനെ നിയന്ത്രിക്കാൻ കഴിയും. സർക്കാർ ഫണ്ട് ദുരുപയോഗം ചെയ്യുന്നത് അന്വേഷിക്കാൻ പാർലമെന്റിന് കഴിയും. സർക്കാർ നയങ്ങളും ബജറ്റ് സെഷനിൽ ചർച്ചചെയ്യുന്നു.

**4. അവിശ്വാസ പ്രമേയം -** എക്സിക്യൂട്ടീവിന്റെ മേൽ പാർലമെന്ററി നിയന്ത്രണത്തിന്റെ ഏറ്റവും ശക്തമായ ഉപകരണമാണ് അവിശ്വാസ പ്രമേയം. ഇതിലൂടെ ഭരണകക്ഷിയുടെ പ്രകടനം ചർച്ച ചെയ്യാൻ പ്രതിപക്ഷ പാർട്ടികൾക്ക് അവസരം ലഭിക്കുന്നു. അവിശ്വാസ പ്രമേയത്തെ ലോക്സഭയിലെ ഭൂരിപക്ഷം അംഗങ്ങളും പിന്തുണച്ചാൽ മന്ത്രിസഭ രാജിവെക്കണം.

## പാർലമെന്ററിന്റെ സ്വയം നിയന്ത്രണം

പാർലമെന്റിന്റെ അന്തസ്സ് നിലനിർത്താൻ ഭരണഘടന ചില വ്യവസ്ഥകൾ ഏർപ്പെടുത്തിയിട്ടുണ്ട്.

1. നിയമസഭയുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിനുള്ള അന്തിമ അധികാരം സഭ അധ്യക്ഷനാണ്. സഭാ അധ്യക്ഷൻ അംഗങ്ങളുടെ പെരുമാറ്റം നിയന്ത്രിക്കുന്നു.
2. തിരഞ്ഞെടുപ്പ് വിജയത്തിന് ശേഷം രാഷ്ട്രീയ പാർട്ടി മാറുന്ന അംഗങ്ങളെ കൂറുമാറ്റ നിരോധന നിയമ(52-ാം ഭേദഗതി)ത്തിലൂടെ പുറത്താക്കാവുന്നതാണ്.

# 6. നീതി ന്യായ വിഭാഗം

തർക്കങ്ങൾ തീർപ്പാക്കുന്നതിനും നീതി നടപ്പിലാക്കുകയുമാണ് നീതി ന്യായവിഭാഗത്തിന്റെ ഉത്തരവാദിത്വം.

## ഇന്ത്യൻ നീതി ന്യായ വിഭാഗം

ഏറ്റവും മുകളിലായി സുപ്രീം കോടതിയും അതിനു താഴെയായി 25 ഹൈകോടതികളും ഏറ്റവും താഴെയായി അനേകം ജില്ലാകോടതികളും മറ്റനേകം കീഴ്കോടതികളും ഉൾകൊള്ളുമെന്ന ഏക നീതിന്യായ വ്യവസ്ഥയാണ് ഇന്ത്യയിൽ നിലനിൽക്കുന്നത്. 1950 ജനുവരി ഇരുപത്തിയാറാം തീയതിയാണ് ഇന്ത്യൻ സുപ്രീം കോടതി സ്ഥാപിതമായത്.

## ജുഡീഷ്യറിയുടെ സ്വാതന്ത്ര്യം

ജുഡിഷ്യറിയ്ക്ക് പാർലമെന്റിന്റെയോ മന്ത്രിസഭയുടെയോ സ്വാധീനമില്ലാതെ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിനായി താഴെ കൊടുത്തിരിക്കുന്ന വ്യവസ്ഥകൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. ജഡ്ജിമാരെ നിയമിക്കുന്നത് രാഷ്ട്രപതിയാണ്. ജഡ്ജിമാരുടെ നിയമനം രാഷ്ട്രീയസ്വാധീനങ്ങൾക്ക് അധീതമാണ്.
2. ജഡ്ജിമാർക്ക് വിരമിക്കൽ പ്രായം വരെ അധികാരത്തിൽ തുടരാം.
3. ഗുരുതരമായ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ നടത്തുന്ന ഇംപീച്ച്മെന്റ് എന്ന പ്രയാസകരമായ പ്രക്രിയയിലൂടെ മാത്രമേ ജഡ്ജിമാരെ പുറത്താക്കുവാൻ സാധിക്കുകയുള്ളൂ.
4. മികച്ച ശമ്പളവും സാമ്പത്തിക ആനുകൂല്യങ്ങളും നൽകുന്നതിലൂടെ ജഡ്ജിമാർ അഴിമതി ചെയ്യുവാനുള്ള സാധ്യതകൾ കുറയ്ക്കുന്നു.
5. ജഡ്ജിമാരുടെ പ്രവർത്തനങ്ങളും വിധികളും വിമർശിക്കുവാൻ പാർലമെന്റിനോ ജനങ്ങൾക്കോ അവകാശമില്ല. വിമർശനങ്ങളെ ഭയക്കാതെ ജോലി ചെയ്യുവാൻ ഇത് ജഡ്ജിമാരെ സഹായിക്കുന്നു.
6. വിരമിച്ച ജഡ്ജിമാർക്ക് അഭിഭാഷകരായി ജോലി ചെയ്യുവാൻ അനുവാദമില്ല.

## സുപ്രീം കോടതിയുടെ അധികാരങ്ങൾ

### 1. ഉത്ഭവാധികാരം -

കേന്ദ്രഗവണ്മെന്റും സംസ്ഥാന ഗവണ്മെന്റും തമ്മിലും സംസ്ഥാന ഗവൺമെന്റുകൾ തമ്മിലുമുള്ള കേസുകൾ സുപ്രീം കോടതി നേരിട്ട് പരിഗണിക്കുന്നു. സുപ്രീം കോടതിയിൽ ആരംഭിക്കുന്നതിനായി ഇത്തരം കേസുകളെ സുപ്രീം കോടതിയുടെ ഉത്ഭവധികാരം എന്ന് പറയുന്നു.

### 2. അപ്പീൽ അധികാരം -

സിവിൽ കേസുകളിലും ക്രിമിനൽ കേസുകളിലും ഹൈക്കോടതി വിധിക്കകെതിരെ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ് .

### 3. റിട്ട് അധികാരം -

നിഷേധിക്കപ്പെട്ട മൗലീകാവകാശങ്ങൾ പുനഃസ്ഥാപിച്ചു കിട്ടുന്നതിനായി വ്യക്തികൾക്ക് സുപ്രീം കോടതിയെ സമീപിക്കുവാൻ സാധിക്കും. മൗലീകാവകാശങ്ങൾ സ്ഥാപിച്ചു നൽകുന്നതിനായി അഞ്ച് വ്യത്യസ്ഥ ഉത്തരവുകൾ, റിട്ടുകൾ ,പുറപ്പെടുവിക്കുന്നതിനുള്ള അധികാരം സുപ്രീം കോടതിയ്ക്കുണ്ട്.

### 4. ഉപദേശാധികാരം -

രാജ്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ രാഷ്ട്രപതിയ്ക്ക് സുപ്രീം കോടതിയിൽ നിന്നും ഉപദേശം തേടാവുന്നതാണ്. സുപ്രീം കോടതി നൽകുന്ന നിയമോപദേശം രാഷ്ട്രപതി സ്വീകരിക്കണമെന്ന് നിർബന്ധമില്ല .

## ജുഡീഷ്യൽ ആക്ടിവിസം

1979 ന ശേഷം പൊതു താല്പര്യ ഹർജികൾ അനുവദിച്ചതിലൂടെ ഇന്ത്യയിലെ നീതിന്യായരംഗം കൂടുതൽ സജീവമായി. ഇതിനെ തുടർന്ന് സമൂഹത്തിലെ പാവപ്പെട്ടവരും നിരക്ഷരരും പിന്നോക്കവിഭാഗത്തിൽ പെട്ടവരുമായ ജനങ്ങളുടെ പ്രശ്നങ്ങൾ മൂന്നാമതൊരാൾക്ക് കോടതിയുടെ ശ്രദ്ധയിൽ പെടുത്തുവാൻ സാധിക്കുന്നു. അതോടൊപ്പം പരിസ്ഥിതിപ്രശ്നങ്ങൾക്കും മറ്റു പൊതുവായ സാമൂഹിക പ്രശ്നങ്ങൾക്കും പരിഹാരം കാണുവാൻ കോടതികൾക്ക് സാധിക്കുന്നു.

### പൊതുതാത്പര്യ ഹർജിയുടെ ഗുണങ്ങൾ

1. നീതി ന്യായവ്യവസ്ഥ കൂടുതൽ ജനാധിപത്യവത്കരിക്കപ്പെട്ടു.
2. കൂടുതൽ ജനങ്ങൾക്ക് നീതി ലഭ്യമായി.

### പൊതുതാൽപര്യ ഹർജിയുടെ പ്രാധാന്യം

1. അവകാശങ്ങളെ കുറിച്ചുള്ള ആശയം വിപുലീകരിക്കപ്പെട്ടു. ശുദ്ധവായു, ശുദ്ധജലം, മാന്യമായ ജീവിതം തുടങ്ങിയവയെ ഇപ്പോൾ അവകാശങ്ങളായി കണക്കാക്കുന്നു.
2. ഇന്ത്യൻ സമൂഹത്തിലെ ദരിദ്ര വിഭാഗത്തിന് കോടതിയെ സമീപിക്കുവാൻ സാധ്യമായി. സാമൂഹിക പ്രതിബദ്ധതയുള്ള പൗരന്മാർക്കും സാമൂഹിക സംഘടനകൾക്കും നിരാലംബരായവർക്കുമായി കോടതിയെ സമീപിക്കുവാൻ സാധിക്കും.
3. ഇത് മന്ത്രിസഭയുടെ ഉത്തരവാദിത്തം വർധിപ്പിച്ചു.
4. തിരഞ്ഞെടുപ്പ് സമ്പ്രദായം കൂടുതൽ സ്വതന്ത്രവും നീതിയുക്തവുമായി.

### പൊതുതാൽപര്യ ഹർജികളുടെ ന്യൂനതകൾ

1. കോടതികളുടെ ജോലിഭാരം വർധിപ്പിച്ചു.
2. നീതിന്യായ വിഭാഗവും ഗവണ്മെന്റിന്റെ മറ്റ് രണ്ട് വിഭാഗങ്ങളും തമ്മിലുള്ള ബന്ധത്തെ ബാധിച്ചു.

## ജുഡീഷ്യറിയും അവകാശങ്ങളും

അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി സുപ്രീം കോടതി സ്വീകരിക്കുന്ന രണ്ട് മാർഗങ്ങൾ ചുവടെ ചേർക്കുന്നു.

1. അവകാശങ്ങൾ പുനഃസ്ഥാപിക്കുന്നതിനു വേണ്ടി കോടതികൾക്ക് റിട്ടുകൾ (ഉത്തരവുകൾ) പുറപ്പെടുവിക്കുവാൻ കഴിയും. മൗലികാവകാശങ്ങളുടെ സംരക്ഷകനായി സുപ്രീം കോടതി പ്രവർത്തിക്കുന്നു.
2. മൗലികാവകാശങ്ങൾക്ക് വിരുദ്ധമായ നിയമത്തെ ഭരണഘടനാവിരുദ്ധമെന്ന് പ്രഖ്യാപിക്കാൻ സുപ്രീം കോടതിക്ക് കഴിയും. ഭരണഘടനയുടെ വ്യാഖ്യാതാവായി സുപ്രീം കോടതി പ്രവർത്തിക്കുന്നു.

## ജുഡീഷ്യൽ റിവ്യൂ (നിയമപരമായ അവലോകനം)

ഏത് നിയമത്തിന്റെയും ഭരണഘടനപരമായ സാധുത പരിശോധിക്കാൻ സുപ്രീം കോടതിക്ക് അധികാരമുണ്ട്. ഒരു നിയമം ഭരണഘടനയുടെ വ്യവസ്ഥകളുമായി പൊരുത്തപ്പെടുന്നില്ലെന്ന് കണ്ടെത്തിയാൽ, കോടതിക്ക് അത്തരം നിയമത്തെ ഭരണഘടനാ വിരുദ്ധമെന്ന് പ്രഖ്യാപിക്കാൻ കഴിയും. സുപ്രീം കോടതിയുടെയും ഹൈക്കോടതികളുടെയും ഈ പ്രത്യേക അധികാരം ജുഡീഷ്യൽ റിവ്യൂ എന്നറിയപ്പെടുന്നു. ഇതിലൂടെ പൗരന്മാരുടെ അവകാശങ്ങൾക്കോ രാജ്യത്തിന്റെ താൽപര്യത്തിനോ എതിരായ നിയമങ്ങൾ പാർലമെന്റ്

പാസാക്കുന്നതിനെയും മന്ത്രിസഭാ നടപ്പാക്കുന്നതിനെയും തടയുവാൻ കോടതിക്ക് സാധിക്കുന്നു .

# 7. ഫെഡറലിസം

ഒരു കേന്ദ്ര ഗവൺമെന്റും അനേകം സംസ്ഥാന ഗവണ്മെന്റുകളും അടങ്ങുന്ന ഫെഡറൽ സംവിധാനമാണ് ഇന്ത്യയിൽ നിലനിൽക്കുന്നത്.

## ഇന്ത്യൻ ഫെഡറലിസത്തിൻറെ പ്രധാന സവിശേഷതകൾ

**1. രണ്ടു തരത്തിലുള്ള ഗവൺമെന്റുകൾ-** ഒരു കേന്ദ്ര ഗവൺമെന്റും 28 സംസ്ഥാന ഗവണ്മെന്റുകളും അടങ്ങുന്നതാണ് ഇന്ത്യയിലെ ഫെഡറൽ സംവിധാനം.

**2. രണ്ട് വ്യക്തിത്വങ്ങൾ -** ഇന്ത്യൻ പൗരന്മാർക്ക് ഇന്ത്യക്കാരനെന്ന ഒരു ദേശീയ വ്യക്തിത്വവും അതോടൊപ്പം തന്നെ പ്രാദേശിക വ്യക്തിത്വമുണ്ട്.

**3. ലിഖിത ഭരണഘടന -** കേന്ദ്ര ഗവൺമെൻറിൻറെയും സംസ്ഥാന ഗവൺമെൻറിൻറെയും അധികാരങ്ങൾ വ്യക്തമായി നിർവചിക്കുന്ന ഭരണഘടന സംവിധാനമാണ് ഇന്ത്യയിൽ നിലനിൽക്കുന്നത്.

**4. സ്വതന്ത്ര ജുഡീഷ്യറി -** കേന്ദ്രവും സംസ്ഥാനവും തമ്മിലുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനായി ഒരു സ്വതന്ത്ര ജുഡീഷ്യറി നിലവിലുണ്ട് .

## ഇന്ത്യ ഫെഡറൽ സംവിധാനം സ്വീകരിക്കുവാൻ ഉള്ള കാരണങ്ങൾ

1. വിശാലമായ ഭൂപ്രകൃതിയും ഉയർന്ന ജനസംഖ്യയും.
2. ഇന്ത്യൻ സമൂഹത്തിൽ നിലനിൽക്കുന്ന വൈവിധ്യം.

## അധികാര വിഭജനം

കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റുകളുടെയും അധികാരങ്ങൾ ഇന്ത്യൻ ഭരണഘടനയിൽ വളരെ വ്യക്തമായി വിവരിച്ചിട്ടുണ്ട്. സാമ്പത്തിക അധികാരങ്ങളും മറ്റു പ്രധാന അധികാരങ്ങളും നൽകിയിരിക്കുന്നത് കേന്ദ്ര ഗവൺമെന്റിനാണ്. കേന്ദ്ര ഗവൺമെൻറിൻറെ അധികാരത്തിൻ കീഴിലുള്ള 99 വിഷയങ്ങൾ അടങ്ങിയിരിക്കുന്ന **യൂണിയൻ ലിസ്റ്റ്**, സംസ്ഥാന ഗവൺമെൻറിൻറെ അധികാരത്തിൻ കീഴിലുള്ള 61 വിഷയങ്ങൾ അടങ്ങിയിരിക്കുന്ന **സംസ്ഥാന ലിസ്റ്റ്**, കേന്ദ്ര ഗവൺമെൻറിനും സംസ്ഥാന ഗവൺമെൻറിനും അധികാരമുള്ള 52 വിഷയങ്ങൾ അടങ്ങിയിരിക്കുന്ന **കൺകറൻറ് ലിസ്റ്റ്** എന്നിങ്ങനെ ഭരണഘടനയിൽ അധികാരവിഭജനം കൃത്യമായി രേഖ പെടുത്തിയിരിക്കുന്നു. കൺകറൻറ് ലിസ്റ്റിൽ പെട്ട വിഷയങ്ങളിൽ കേന്ദ്ര ഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റിനും തീരുമാനങ്ങൾ എ ടുക്കാവുന്നതാണ്. എന്നാൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ അഭിപ്രായ വ്യത്യാസം ഉണ്ടാകുകയാണെങ്കിൽ കേന്ദ്രനിയമം ആയിരിക്കും നിലനിൽക്കുക.

| യൂണിയൻ ലിസ്റ്റ് | സംസ്ഥാന ലിസ്റ്റ് | കൺകറൻറ് ലിസ്റ്റ് |
|---|---|---|
| പ്രതിരോധം | കൃഷി | വിദ്യാഭ്യാസം |
| ആണവോർജ്ജം | ജയിൽ | വനങ്ങൾ |
| വിദേശ ബന്ധം | പോലീസ് | മായം ചേർക്കൽ |

| | | |
|---|---|---|
| യുദ്ധവും സമാധാനവും | ഭൂമി | ട്രേഡ് യൂണിയനുകൾ |
| ബാങ്കിംഗ് | പബ്ലിക് സർവീസ് കമ്മീഷൻ | കാർഷിക ഭൂമി ഒഴികെയുള്ള സ്വത്ത് കൈമാറ്റം |
| കറൻസിയും നാണയവും | കന്നുകാലികളും മൃഗസംരക്ഷണവും | ദത്തെടുക്കലും പിന്തുടർച്ചയും |
| പോസ്റ്റും ടെലിഗ്രാഫും | പ്രാദേശിക സർക്കാരുകൾ | |
| വ്യോമഗതാഗതം | മദ്യം | |
| തുറമുഖങ്ങൾ | പൊതുജനാരോഗ്യം | |
| വിദേശ വ്യാപാരം | വ്യാപാരവും വാണിജ്യവും | |
| റെയിൽവേ | | |

മൂന്നു ലിസ്റ്റിൽലും ഉൾപ്പെടാത്ത **അവശിഷ്ട അധികാരങ്ങൾ** നൽകിയിരിക്കുന്നത് കേന്ദ്ര ഗവൺമെന്റിനാണ്. സൈബർ നിയമങ്ങൾ അവശിഷ്ട അധികാരത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

## കേന്ദ്ര ഗവൺമെന്റിനെ ശക്തിപ്പെടുത്തുന്ന പ്രധാന ഘടകങ്ങൾ

1. പുതിയ സംസ്ഥാനങ്ങൾ രൂപീകരിക്കുവാനും സംസ്ഥാനങ്ങളുടെ അതിർത്തി മാറ്റുവാനും ഉള്ള അധികാരം കേന്ദ്ര ഗവൺമെന്റിനാണ് ഉള്ളത്.
2. അടിയന്തരാവസ്ഥ പ്രഖ്യാപിക്കുവാനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിനു ഉണ്ട്.
3. സംസ്ഥാന ഗവൺമെൻറിനെ പിരിച്ചുവിട്ട് രാഷ്ട്രപതിഭരണം ഏർപ്പെടുത്താനും അതിലൂടെ സംസ്ഥാനങ്ങളെ നേരിട്ട് നിയന്ത്രിക്കാനും കേന്ദ്ര ഗവൺമെന്റിനു സാധിക്കുന്നു.
4. സാമ്പത്തിക കാര്യങ്ങളിൽ അധികാരം കൂടുതലുള്ളത് കേന്ദ്ര ഗവൺമെന്റിനാണ്. ബജറ്റ് പാസ്സാകുന്നതും സംസ്ഥാനങ്ങളുടെ സാമ്പത്തിക വിഹിതം തീരുമാനിക്കുന്നതും കേന്ദ്ര ഗവൺമെന്റാണ്.
5. കേന്ദ്ര ഗവൺമെൻറ് പ്രതിനിധിയായി പ്രവർത്തിക്കുന്ന ഗവർണർക്ക് സംസ്ഥാന ഗവൺമെൻറിൻറെ പ്രവർത്തനങ്ങളിൽ ഇടപെടാൻ അധികാരമുണ്ട്.
6. ഗവൺമെൻറിൻറെ പ്രധാന അധികാരങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത് കേന്ദ്ര ഗവൺമെൻറിൻറെ അധികാരപരിധിയിൽ വരുന്ന യൂണിയൻ ലിസ്റ്റിൽ ആണ്.
7. സംസ്ഥാന ലിസ്റ്റിൽ പെട്ട ഒരു വിഷയം യൂണിയൻ ലിസ്റ്റിലിലേക്ക് മാറ്റുവാൻ രാജ്യസഭയ്ക്ക് അധികാരമുണ്ട്.
8. കൺകറൻറ് ലിസ്റ്റിൽപ്പെട്ട വിഷയത്തിന് മേൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ തമ്മിൽ അഭിപ്രായ വ്യത്യാസം ഉണ്ടാവുകയാണെങ്കിൽ കേന്ദ്ര ഗവൺമെൻറിൻറെ തീരുമാനമായിരിക്കും നിലനിൽക്കുക.
9. അഖിലേന്ത്യാ സർവീസുകൾ നിയന്ത്രിക്കുന്നത് കേന്ദ്ര ഗവൺമെൻറ് ആണ്.

## സ്വയംഭരണത്തിനുള്ള ആവശ്യം

വ്യത്യസ്തമായ പ്രാദേശിക താൽപര്യങ്ങളും ആവശ്യങ്ങളും ഇന്ത്യയിലെ വിവിധ വിഭാഗങ്ങൾക്കിടയിൽ ശക്തമായിരുന്നു.

1. തമിഴ് നാട്, പഞ്ചാബ്, പശ്ചിമബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങൾ ആവശ്യപ്പെട്ടത് കൂടുതൽ അധികാരങ്ങൾ സംസ്ഥാന ഗവൺമെന്റുകൾക്കു വിട്ടു നൽകണമെന്നാണ്.

2. കൂടുതൽ സാമ്പത്തിക അധികാരങ്ങളും ഉദ്യോഗസ്ഥർക്ക് മേൽ കൂടുതൽ നിയന്ത്രണങ്ങളും വേണം എന്നാണ് മറ്റു ചില സംസ്ഥാനങ്ങൾ ആവശ്യപ്പെടുന്നത്.
3. ഹിന്ദി ഭാഷയ്ക്ക് എതിരെയുള്ള സമരങ്ങൾ തമിഴ് നാട് പോലെയുള്ള ചില ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ശക്തമായിരുന്നു.

## ഗവർണർ

കേന്ദ്ര ഗവണ്മെന്റിന്റെ പ്രതിനിധിയായിട്ടാണ് ഗവർണർ പ്രവർത്തിക്കുന്നത്. കേന്ദ്രവും സംസ്ഥാനവും വ്യത്യസ്ത പാർട്ടികൾ ഭരിക്കുമ്പോൾ ഗവർണറുടെ ഇടപെടലുകൾ കൂടുതൽ വിവാദങ്ങൾ സൃഷ്ടിക്കാറുണ്ട്. സംസ്ഥാന ഗവൺമെൻറിനെ പിരിച്ചുവിട്ട് രാഷ്ട്രപതിഭരണം ഏർപ്പെടുത്താൻ ഉള്ള ശുപാർശ നൽകാനുള്ള അധികാരം ഗവർണർക്കുണ്ട്. അധികാരം ശരിയായ രീതിയിൽ നിർവഹിക്കുന്നതിൽ ഭരണകർത്താക്കൾ പരാജയപ്പെടുമ്പോൾ മാത്രമാണ് രാഷ്ട്രപതി ഭരണത്തിന് ശുപാർശ ചെയ്യേണ്ടത്. എന്നാൽ പലപ്പോഴും കേന്ദ്ര ഗവൺമെൻറ് രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് വേണ്ടി 356 വകുപ്പ് ദുരുപയോഗം ചെയ്യാറുണ്ട്.

## അന്തർസംസ്ഥാന പോരാട്ടങ്ങൾ

ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങൾ തമ്മിൽ തർക്കങ്ങൾ നിലനിൽക്കുന്നുണ്ട്. ഇന്ത്യയിലെ സംസ്ഥാനങ്ങൾക്കിടയിൽ പ്രധാനമായും രണ്ടു വിധത്തിലുള്ള തർക്കങ്ങളാണ് നിലനിൽക്കുന്നത്.

**1. അതിർത്തി തർക്കങ്ങൾ -** ഭാഷാടിസ്ഥാനത്തിൽ ആണ് ഇന്ത്യയിലെ സംസ്ഥാനങ്ങൾ രൂപീകരിക്കപ്പെട്ടത്. അതിർത്തി പ്രദേശങ്ങളിൽ വ്യത്യസ്ത ഭാഷകൾ സംസാരിക്കുന്ന ജന വിഭാഗങ്ങൾ ഉള്ളതുകൊണ്ടാണ് അതിർത്തി തർക്കങ്ങൾ പ്രധാനമായും സംഭവിക്കുന്നത്. ബൽഗാം നഗരത്തിന് വേണ്ടി മഹാരാഷ്ട്രയും കർണ്ണാടകയും തമ്മിലുള്ള തർക്കം, ചണ്ഡീഗഡ് നഗരത്തിനു വേണ്ടി പഞ്ചാബും ഹരിയാനയും തമ്മിലുള്ള തർക്കം എന്നിവ ഇതിന് ഉദാഹരണങ്ങളാണ്.

**2. നദീജല തർക്കം -** കുടിവെള്ളത്തിനായും ജലസേചനത്തിനായും നദീജലം ഉപയോഗിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനങ്ങൾ തമ്മിൽ തർക്കം നിലനിൽക്കുന്നുണ്ട്. മഹാരാഷ്ട്ര, ഗുജറാത്ത്, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങൾ ഉൾപ്പെട്ട നർമദാ നദീ ജലത്തർക്കം, കർണാടക - തമിഴ്നാട് കാവേരി നദീജല തർക്കം എന്നിവ ഉദാഹരണങ്ങളാണ്.

## ജമ്മു കാശ്മീരിന് പ്രത്യേക പദവി

ഭരണഘടനയിലെ 370 ആം വകുപ്പ് പ്രകാരം ജമ്മു കാശ്മീരിന് പ്രത്യേക പദവി നൽകിയിരുന്നു. യൂണിയൻ ലിസ്റ്റിലെ വിഷയങ്ങളിൽ പാർലമെൻറ് നിർമ്മിക്കുന്ന നിയമങ്ങൾ സംസ്ഥാന നിയമസഭയുടെ അംഗീകാരത്തോടെ കൂടി മാത്രമേ കാശ്മീരിൽ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. ജമ്മുകാശ്മീരിനു സ്വന്തമായ ഭരണഘടനയും ദേശീയപതാകയും ഉണ്ടായിരുന്നു. സംസ്ഥാനത്ത് അടിയന്തരാവസ്ഥ പ്രഖ്യാപിക്കണമെങ്കിൽ സംസ്ഥാന നിയമസഭയുടെ അനുവാദം ആവശ്യമായിരുന്നു. ജമ്മുകാശ്മീരിൽ സാമ്പത്തിക അടിയന്തരാവസ്ഥ പ്രഖ്യാപിക്കാൻ സാധിക്കുമായിരുന്നില്ല, 2019 ആഗസ്റ്റ് മാസത്തിൽ 370 ആം വകുപ്പ് റദ്ദാക്കുകയും ജമ്മു കാശ്മീർ സംസ്ഥാനം ജമ്മു കാശ്മീർ, ലഡാക്ക് എന്നീ രണ്ട് കേന്ദ്ര ഭരണ പ്രദേശങ്ങളായി മാറുകയും ചെയ്തു.

# 8 . പ്രാദേശിക ഗവൺമെന്റുകൾ

സഭാ , സമിതി, പഞ്ചായത്തുകൾതുടങ്ങിയ പ്രാദേശിക ഭരണ സംവിധാനങ്ങൾ പുരാതന ഇന്ത്യയിൽ നില നിന്നിരുന്നു. റിപ്പൺ പ്രഭു രൂപീകരിച്ച പ്രാദേശിക ഭരണസമിതികളാണ് ആധുനിക ഇന്ത്യയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തുടക്കമിട്ടത്. 1919 ലെയും 1935 ലെയും ഇന്ത്യ ഗവണ്മെന്റ് നിയമങ്ങൾ പ്രാദേശിക ഗവണ്മെന്റുകളുടെ പ്രാധാന്യത്തെ കുറിച്ച് പരാമർശിക്കുന്നുണ്ട്. കോൺഗ്രസ് പാർട്ടിയും മഹാത്മാ ഗാന്ധിയും പ്രാദേശിക ഗവണ്മെന്റുകളുടെ വളർച്ചയിൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്. ഇന്ത്യൻ ഭരണഘടനയിലെ താരതമ്യേന പ്രാധാന്യം കുറഞ്ഞ നിർദേശക തത്വങ്ങളിലാണ് പ്രാദേശിക ഗവണ്മെന്റുകളെ കുറിച്ചുള്ള പരാമർശം ഉള്ളത്. രാജ്യത്ത് അനൈക്യം സൃഷ്ടിക്കപെടുമോയെന്ന ഭയവും ജാതിവ്യവസ്ഥ പ്രാദേശിക ഭരണകൂടങ്ങളുടെ പ്രവർത്തനത്തെ ബാധിക്കുമോ എന്ന ആശങ്കയും മൂലമാണ് പ്രാദേശിക ഗവണ്മെൻറുകൾക്ക് ഭരണഘടനയിൽ വേണ്ടത്ര പ്രാധാന്യം നൽകാതിരുന്നത്.

1952 ലെ സാമുദായിക വികസനപരിപാടിയാണ് പ്രാദേശിക ഗവണ്മെന്റുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് സ്വതന്ത്ര ഇന്ത്യയിൽ നടന്ന ആദ്യ പ്രവർത്തനം. 1960 കളോടെ ചില സംസ്ഥാനങ്ങൾ പഞ്ചായത്തുകൾ രൂപീകരിച്ചുവെങ്കിലും വേണ്ടത്ര അധികാരം ഇല്ലാത്തതും സാമ്പത്തിക പരിമിതിയും മൂലം പ്രാദേശിക ഗവണ്മെന്റുകളുടെ പ്രവർത്തനം വേണ്ടത്ര ഫലപ്രദമായിരുന്നില്ല.

1989 ൽ **<u>പി കെ തുങ്കൻ കമ്മിറ്റി</u>** ഇന്ത്യയിലെ പ്രാദേശിക ഗവണ്മെന്റുകൾക്ക് കൃത്യമായ ഘടനയും പ്രവർത്തന സ്വതന്ത്ര്യവും വേണമെന്ന് ശുപാർശ ചെയ്തു. ഈ ശുപാർശയുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ പാർലമെന്റ് 73,74 ഭരണഘടനാ ഭേദഗതികൾ അംഗീകരിച്ചു.

## 73 ആം ഭരണഘടനാ ഭേദഗതി

ഗ്രാമപ്രദേശങ്ങളിലെ പ്രാദേശിക ഗവൺമെന്റുകൾ കുറിച്ചാണ് 73 ആം ഭരണഘടനാ ഭേദഗതിയിൽ പരാമർശിക്കുന്നത്. 73 ആം ഭരണഘടനാ ഭേദഗതിയിലെ പ്രധാന മാറ്റങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

**1. ത്രിതലഘടന -** ഗ്രാമ പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ എന്നിവ അടങ്ങിയ ത്രിതല പഞ്ചായത്ത് വ്യവസ്ഥ എല്ലാ സംസ്ഥാനങ്ങളിലും നടപ്പാക്കേണ്ടതാണ്. പ്രായപൂർത്തിയായ എല്ലാ പൗരന്മാരും പങ്കാളികളായ ഗ്രാമസഭ രൂപീകരിക്കുവാനും നിർദ്ദേശിച്ചു.

**2. തെരഞ്ഞെടുപ്പ് -** പഞ്ചായത്ത് അംഗങ്ങളെ ജനങ്ങൾ നേരിട്ട് തെരഞ്ഞെടുക്കണം. പഞ്ചായത്തുകളുടെ കാലാവധി അഞ്ച് വർഷമാണ്.

**3. സംവരണം -** പഞ്ചായത്ത് സ്ഥാപനങ്ങളിലെ സീറ്റുകൾ സ്ത്രീകൾക്കായിസംവരണം ചെയ്തിരിക്കുന്നു. പട്ടിക ജാതി , പട്ടിക വിഭാഗക്കാർക്കും നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്.

**4. വിഷയങ്ങളുടെ കൈമാറ്റം -** സംസ്ഥാന ഗവണ്മെന്റിന്റെ അധികാരപരിധിയിൽ പെട്ട 29 വിഷയങ്ങൾ പ്രാദേശിക ഗവണ്മെന്റുകൾക്ക് കൈമാറ്റം ചെയ്തു.

**5. സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷണർ -** പഞ്ചായത്തീരാജ് സ്ഥാപനങ്ങളിലെയ്ക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നത് സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മിഷനാണ്.

**6. സംസ്ഥാന ധനകാര്യ കമ്മീഷൻ -** പ്രാദേശിക ഗവണ്മെന്റുകളുടെ സാമ്പത്തിക സ്ഥിതി പരിശോധിക്കുന്നതിനും ആവശ്യമായ ഫണ്ട് കൈമാറുന്നതിനുമായി ഓരോ അഞ്ച് വര്ഷം കൂടുമ്പോഴും ധനകാര്യ കമ്മീഷനെ സംസ്ഥാന ഗവണ്മെന്റ് നിയമിക്കേണ്ടതാണ്.

## 74 ആം ഭരണഘടനാ ഭേദഗതി

നഗരപാലിക സംവിധാനം എന്നറിയപ്പെടുന്ന നഗരപ്രദേശങ്ങളിലെ പ്രാദേശിക ഗവണ്മെന്റുകളെ കുറിച്ചാണ് 74 ആം ഭരണഘടനാ ഭേദഗതി പരാമർശിക്കുന്നത്. മുൻസിപ്പൽ കോർപറേഷനും നഗരസഭയുമാണ് നഗരത്തിലെ പ്രാദേശിക ഗവൺമെന്റുകൾ. 73 ആം ഭരണഘടനാ ഭേദഗതിയിൽ പരാമർശിക്കുന്ന തെരഞ്ഞെടുപ്പ്, സംവരണം, തെരഞ്ഞെടുപ്പ് കമ്മീഷൻ, ധനകാര്യ കമ്മീഷൻ, വിഷയങ്ങളുടെ കൈമാറ്റം തുടങ്ങിയവയെ സംബന്ധിച്ച നിയമങ്ങൾ 74 ആം ഭരണഘടനാ ഭേദഗതിയിലും ആവർത്തിച്ചിരുന്നു.

## 73, 74 ഭേദഗതികളുടെ പ്രാധാന്യം

### (പ്രാദേശിക സർക്കാരുകളുടെ പ്രാധാന്യം)

1. സാധാരണക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രാദേശിക സർക്കാരുകൾ ഊന്നൽ നൽകുന്നു.
2. 73, 74 ഭേദഗതികൾ നടപ്പാക്കിയ ശേഷം പ്രതിനിധികളുടെ എണ്ണം അയ്യായിരത്തിൽ നിന്ന് 32 ലക്ഷമായി ഉയർന്നു.
3. വികസന പ്രക്രിയയിൽ പ്രാദേശിക അറിവും ഊർജ്ജവും ഉപയോഗിക്കാം.
4. ജനങ്ങളിൽ ജനാധിപത്യ അവബോധം വളർത്താൻ പ്രാദേശിക സർക്കാരുകൾ സഹായിക്കുന്നു.
5. വനിതാ സംവരണം സ്ത്രീ ശാക്തീകരണത്തിന് വഴിയൊരുക്കി.
6. ജനപ്രതിനിധികൾ സാധാരണക്കാർക്കും സമീപിക്കാവുന്നതാണ്.
7. കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ജോലിഭാരം കുറച്ചു.

## പ്രാദേശിക സർക്കാരുകളുടെ പരിമിതികൾ

1. പ്രാദേശിക സർക്കാരുകളുടെ അധികാരങ്ങൾ പരിമിതമാണ്. പല സംസ്ഥാന സർക്കാരുകളും പ്രാദേശിക സർക്കാരുകൾക്ക് അധികാരം കൈമാറാൻ മടിക്കുന്നു.
2. പ്രാദേശിക സർക്കാരുകൾ സാമ്പത്തികമായി സ്വയംപര്യാപ്തമല്ല. കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെയാണ് പ്രാദേശിക സർക്കാരുകൾ പ്രവർത്തിക്കുന്നത്.
3. പല വനിതാ പ്രതിനിധികളെയും കുടുംബത്തിലെയോ പാർട്ടിയിലെയോ പുരുഷ അംഗങ്ങൾ നിയന്ത്രിക്കുന്നു.

# 9. ഭരണഘടന ഒരു സജീവപ്രമാണം നിലയിൽ

മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് നിയമങ്ങളിൽ മാറ്റം വരുത്തേണ്ടതാണ്. സോവിയറ്റ് യൂണിയൻ, ഫ്രാൻസ് പോലെയുള്ള രാജ്യങ്ങൾ ഭരണഘടനകൾ പല തവണ പൂർണമായും മാറ്റിയെഴുതിയിട്ടുണ്ട്. 1950 ജനുവരി 26 നു നിലവിൽ വന്ന ഇന്ത്യൻ ഭരണഘടന നീണ്ട എഴുപത് വർഷത്തിന് ശേഷവും നിലനിൽക്കുന്നുവെന്നത് അഭിമാനകരമായ വസ്തുതയാണ്. കാലാനുസൃതമായ പുതുക്കലും പുനഃപരിശോധനയും നടത്തുന്നതിലൂടെയാണ് ഇന്ത്യൻ ഭരണഘടന 70 വര്ഷങ്ങൾക്ക് ശേഷവും ആധികാരിക രേഖയായി നിലനിൽക്കുന്നത്. ഇന്ത്യൻ ഭരണഘടനയിൽ മാറ്റം വരുത്തുവാനുള്ള അധികാരം പാർലമെന്റിനാണുള്ളത് .

## ഭരണഘടനാ ഭേദഗതിക്കുള്ള വിവിധ രീതികൾ

ഇന്ത്യൻ ഭരണഘടന മൂന്നു വ്യത്യസ്തരീതികളിൽ മാറ്റം വരുത്താവുന്നതാണ്.

**1 . കേവല ഭൂരിപക്ഷത്തിൽ പാസ്സാക്കാവുന്ന ഭേദഗതികൾ-** രാജ്യസഭയിലെയും ലോക്സഭയിലെയും ഹാജരായി വോട്ട് ചെയ്യുന്ന അംഗങ്ങളുടെ ഭൂരിപക്ഷ പിന്തുണ ഉണ്ടെങ്കിൽ ഭരണഘടനയിലെ ചില വ്യവസ്ഥകളിൽ മാറ്റം വരുത്താവുന്നതാണ്. സംസ്ഥാനങ്ങളുടെ പേരുമാറ്റൽ, സംസ്ഥാന രൂപീകരണം, പൗരത്വ വിഷയങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടുന്നു.

**2. പ്രത്യേക ഭൂരിപക്ഷത്തോടെ പാസ്സാക്കാവുന്ന ഭേദഗതികൾ -** ഭരണഘടനയിലെ ചില വ്യവസ്ഥകളിൽ മാറ്റം വരുത്തുവാൻ പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷം ആവശ്യമാണ്. സഭയിൽ ഹാജരായി വോട്ട് ചെയ്യുന്നവരുടെ മൂന്നിൽ രണ്ട് പിന്തുണയും സഭയിലെ മൊത്തം അംഗങ്ങളുടെ ഭൂരിപക്ഷ പിന്തുണയും ചേർന്നതാണ് പ്രത്യേക ഭൂരിപക്ഷം. മൗലീക അവകാശങ്ങളിലും നിർദ്ദേശ തത്വങ്ങളിലും മാറ്റം വരുത്തുന്നത് ഈ രീതിയിലാണ്.

**3. പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷവും പകുതി സംസ്ഥാനങ്ങളുടെ അംഗീകാരവും ആവശ്യമായ ഭേദഗതികൾ -** പാർലമെന്റിന്റെ പ്രത്യേക ഭൂരിപക്ഷവും പകുതി സംസ്ഥാനങ്ങളുടെ അംഗീകാരവും ഉണ്ടെങ്കിൽ മാത്രമേ ചില വകുപ്പുകളിൽ മാറ്റം വരുത്തുവാൻ സാധിക്കുകയുള്ളു.രാഷ്ട്രപതി തെരഞ്ഞെടുപ്പ്, സുപ്രീം കോടതിയുമായി ബന്ധപെട്ടവകുപ്പുകൾ എന്നിവയിൽ ബുദ്ധിമുട്ടേറിയ ഈ രീതിയിലാണ് മാറ്റം വരുത്തുന്നത്.

## 42 ആം ഭേദഗതി

ഇന്ത്യൻ ഭരണഘടന ചരിത്രത്തിൽ ഏറ്റവും കൂടുതൽ വിവാദങ്ങൾ സൃഷ്ടിച്ചത് 42 ആം ഭേദഗതിയാണ്. കേശവാനന്ദ ഭാരതി കേസിലെ സുപ്രീം കോടതി വിധി മറികടക്കുന്നതിന് വേണ്ടി നടത്തിയത് കൂടിയാണ് ഈ ഭേദഗതി. 42 ആം ഭേദഗതിയിൽ വന്ന പ്രധാന മാറ്റങ്ങൾ ചുവടെ ചേർക്കുന്നു .

- ലോക്സഭയുടെ കാലാവധി ആറ് വർഷമായി ഉയർത്തി.
- മൗലീക ഉത്തരവാദിത്തങ്ങൾ കൂട്ടി ചേർത്തു.
- കോടതിയുടെ പുനഃപരിശോധനാ അധികാരത്തിനു നിയന്ത്രണമേർപ്പെടുത്തി.
- ഭരണഘടനയുടെ ആമുഖത്തിൽ മാറ്റം വരുത്തി.

അടിയന്തരാവസ്ഥ കാലഘട്ടത്തിൽ ഇന്ദിര ഗാന്ധിയുടെ നേതൃത്വത്തിൽ നടപ്പാക്കിയ 42 ആം ഭേദഗതിയിലെ പല മാറ്റങ്ങളും പിന്നീട് അധികാരത്തിലെത്തിയ ജനത ഗവണ്മെന്റ് 43 , 44 ഭേദഗതികളിലൂടെ റദ്ദാക്കി.

# 10. ഇന്ത്യൻ ഭരണഘടനയുടെ തത്വശാസ്ത്രം

## ഇന്ത്യൻ ഭരണഘടനാ നിർമാണത്തെ സ്വാധീനിച്ച ധാർമിക മൂല്യങ്ങൾ

ഇന്ത്യൻ ഭരണഘടനാ നിർമാണത്തെ സ്വാധീനിച്ച പ്രധാന ധാർമിക മൂല്യങ്ങൾ ചുവടെ ചേർക്കുന്നു.

**1. വ്യക്തി സ്വാതന്ത്ര്യം** - ഇന്ത്യൻ ഭരണഘടനാ നിർമാണസഭ വ്യക്തിസ്വാതന്ത്ര്യത്തിനു വളരെ പ്രാധാന്യം നൽകിയിരുന്നു. ഭരണഘടനയിൽ അഭിപ്രായ സ്വാതന്ത്ര്യം, ജീവിക്കുവാനുള്ള സ്വാതന്ത്ര്യം, സഞ്ചാര സ്വാതന്ത്ര്യം എന്നിവയ്ക്ക് അർഹമായ പ്രാധാന്യം നൽകിയിട്ടുണ്ട്.

**2. സാമൂഹിക നീതി** - സാമൂഹിക നീതി ഉറപ്പ് വരുത്തുവാനുള്ള വിവിധ നിർദേശങ്ങൾ ഭരണഘടനയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പട്ടികജാതി, പട്ടികവർഗ വിഭാഗക്കാർക്ക് നൽകുന്ന സംവരണവും ആനുകൂല്യങ്ങളും സാമൂഹിക നീതി ഉറപ്പാക്കുന്നതിനുള്ള പ്രധാന ഉപാധികളാണ്.

**3. ന്യൂനപക്ഷ അവകാശങ്ങളോടും വൈവിധ്യങ്ങളോടുമുള്ള ആദരവ് -** ഇന്ത്യൻ സമൂഹത്തിൽ നിലനിൽക്കുന്ന വൈവിധ്യത്തെ അംഗീകരിക്കുന്ന നയമാണ് ഭരണഘടനാ നിർമാണ സഭ സ്വീകരിച്ചത്. ന്യൂനപക്ഷവിഭാഗങ്ങൾക്ക് പ്രത്യേക അവകാശങ്ങളും ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**4. മതേതരത്വം -** എല്ലാ മതവിഭാഗങ്ങളുടെയും വിശ്വാസങ്ങൾ സംരക്ഷിക്കുന്ന മതേതര കാഴ്ചപ്പാട് ആയിരുന്നു ഭരണഘടനാ നിർമാണ സഭ സ്വീകരിച്ചത്. മതവിഷയങ്ങളിൽ രാഷ്ട്രത്തിന്റെ അമിതമായ ഇടപെടൽ ഭരണഘടന അനുവദിക്കുന്നില്ല.

**5. പ്രായപൂർത്തി വോട്ടവകാശം** - സ്ത്രീകൾക്കും നിരക്ഷരർക്കും സ്ത്രീകൾക്കും എല്ലാ ജാതിയിൽ പെട്ടവർക്കും വോട്ടവകാശം നൽകിയതിലൂടെ രാജ്യകാര്യങ്ങളിൽ പങ്കെടുക്കുവാനുള്ള അവകാശം എല്ലാ പൗരന്മാർക്കുമുണ്ടെന്നു **ഭരണഘടനാ വ്യക്തമാക്കിയിട്ടുണ്ട്.**

**6. ഫെഡറലിസം** - കേന്ദ്ര ഗവണ്മെന്റും സംസ്ഥാന ഗവണ്മെന്റുകളും അടങ്ങിയ ഫെഡറൽ സംവിധാനമാണ് ഇന്ത്യയിൽ നിലനിൽക്കുന്നത്. ഉയർന്ന ജനസംഖ്യയും വിസ്തൃതമായ ഭൂപ്രകൃതിയുമുള്ള ഇന്ത്യയ്ക്ക് അനുയോജ്യം ഫെഡറൽ സംവിധാനമാണ്.

### ഇന്ത്യൻ ഭരണഘടനയ്ക്കെതിരെയുള്ള വിമർശനങ്ങൾ

**1. ഒതുക്കമില്ലായ്മ -** ഇന്ത്യൻ ഭരണഘടനയാണ് ലോകത്തിലെ ഏറ്റവും വലിയ ഭരണഘടന. ഭരണഘടനയുടെ വലുപ്പം ഒരു ന്യൂനതയായി ചിലർ ചൂണ്ടി കാണിക്കാറുണ്ട്. *ചെറിയ ഭരണഘടനയുള്ള രാജ്യങ്ങളിൽ ഒന്നിലധികം നിയമപുസ്തകങ്ങൾ ഉണ്ടാകാറുണ്ട്. എന്നാൽ ഇന്ത്യയിൽ പ്രധാന നിയമങ്ങളെല്ലാം ഭരണഘടനയിൽ തന്നെ ഉൾപ്പെടുത്തിയിരിക്കുന്നു. ഇതാണ് ഭരണഘടനയുടെ വലുപ്പം കൂടുവാനുള്ള കാരണം.*

**2. പ്രാധിനിത്യമില്ലായ്മ -** ഭരണഘടനാ നിർമാണസഭയിലെ അംഗങ്ങളെല്ലാവരും തന്നെ സമൂഹത്തിലെ ഉന്നതവിഭാഗത്തിൽ നിന്നുള്ളവരായിരുന്നു. സമൂഹത്തിലെ സാധാരണക്കാരുടെ പ്രതിനിധികൾ ഭരണഘടനാ നിർമാണസഭയിൽ അംഗങ്ങൾ അല്ലായെന്നുള്ള ആരോപണവും നിലനിന്നിരുന്നു. *ഭരണഘടന നിർമാണവുമായി ബന്ധപ്പെട്ട ചർച്ചകളിൽ അംഗങ്ങൾ അവരുടെ വ്യക്തിതാല്പര്യങ്ങൾ മാറ്റി വെച്ചുകൊണ്ട് സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ താല്പര്യങ്ങളും അഭിലാഷങ്ങളുമാണ് സഭയിൽ അവതരിപ്പിച്ചത്.*

**3. ഇന്ത്യൻ സാഹചര്യങ്ങൾക്ക് ഇണങ്ങുന്നതല്ല -** പാശ്ചാത്യ ഭരണഘടനകളിൽ നിന്നും കടം കൊണ്ട ആശയങ്ങൾ അടങ്ങിയ ഇന്ത്യൻ ഭരണഘടനാ വൈദേശികം ആണെന്നുള്ള

ആരോപണം നിലവിലുണ്ട്. *എന്നാൽ പാശ്ചാത്യ ഭരണഘടനകളിലെ നല്ല ആശയങ്ങൾ മാത്രമാണ് ഭരണഘടനാ നിർമാണസഭ കടമെടുത്തത്. ഈ ആശയങ്ങൾക്ക് ഇന്ത്യൻ സാഹചര്യങ്ങൾക്ക് അനുസൃതമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തു.*

**ഇന്ത്യൻ ഭരണഘടനയുടെ പരിമിതികൾ**

1. ഇന്ത്യൻ ഭരണഘടനയ്ക്ക് ഐക്യത്തെക്കുറിച്ചുള്ള കേന്ദ്രീകൃത ആശയം ആണുള്ളത്.
2. സ്ത്രീകൾ അനുഭവിക്കുന്ന ഗാർഹിക പീഡനം പോലുള്ള വിഷയങ്ങൾ ഭരണഘടനയിൽ ഉൾപ്പെട്ടിട്ടില്ല.
3. പ്രധാനപ്പെട്ട ചില സാമൂഹിക സാമ്പത്തിക അവകാശങ്ങൾ മൗലികാവകാശങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ല.

# 11. രാഷ്ട്രീയ സിദ്ധാന്തത്തിന് ഒരു ആമുഖം

രാഷ്ട്രത്തെക്കുറിച്ചും ഗവൺമെന്റിനെ കുറിച്ചും പഠിക്കുന്ന സാമൂഹിക ശാസ്ത്ര ശാഖയാണ് രാഷ്ട്രതന്ത്ര ശാസ്ത്രം. നഗരരാഷ്ട്രം എന്നർത്ഥം വരുന്ന polis എന്ന ഗ്രീക്ക് വാക്കിൽ നിന്നാണ് Politics എന്ന വാക്ക് രൂപം കൊണ്ടത്. ഗ്രീക്ക് ചിന്തകനായ അരിസ്റ്റോട്ടിലാണ് രാഷ്ട്രമീമാംസയുടെ പിതാവ് എന്നറിയപ്പെടുന്നത്. സ്വാതന്ത്ര്യം , സമത്വം, മതേതരത്വം തുടങ്ങിയ ആശയങ്ങളും രാഷ്ട്രമീമാംസയുടെ മേഖലയിൽ വരുന്നതാണ്.

## രാഷ്ട്രീയ സിദ്ധാന്തങ്ങളുടെ പ്രാധാന്യം

**1. പല തൊഴിൽ മേഖലകളിലും പ്രസക്തം**

രാഷ്ട്രീയക്കാർ, അഭിഭാഷകർ, ജഡ്ജിമാർ, പത്രപ്രവർത്തകർ തുടങ്ങി നിരവധി തൊഴിലുകളിൽ ഏർപ്പെടുന്നവർക്ക് തങ്ങളുടെ കടമകൾ കൂടുതൽ ഫലപ്രദമായി നിർവഹിക്കുന്നതിന് രാഷ്ട്രീയ സിദ്ധാന്തത്തിലുള്ള അറിവ് അനിവാര്യമാണ്.

**2. സർക്കാരിന്റെ പ്രവർത്തനങ്ങൾ പഠിക്കാൻ സഹായിക്കുന്നു**

ഗവൺമെന്റിന്റെ വിവിധ വിഭാഗങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാൻ പൊളിറ്റിക്കൽ സയൻസ് വിദ്യാർത്ഥികളെ സഹായിക്കുന്നു. പൊളിറ്റിക്കൽ സയൻസിന്റെ പഠനം രാജ്യത്തെ നിയമവ്യവസ്ഥയെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ സഹായിക്കുന്നു. പൊളിറ്റിക്കൽ സയൻസ് ഭരണഘടനയുടെ പ്രാധാന്യവും ഉള്ളടക്കവും ചർച്ച ചെയ്യുന്നുണ്ട് .

**3. മനുഷ്യാവകാശങ്ങളെയും ആദർശങ്ങളെയും കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നു**

മനുഷ്യാവകാശങ്ങളുടെ പ്രാധാന്യവും മനുഷ്യാവകാശ ലംഘനങ്ങളും പൊളിറ്റിക്കൽ സയൻസിന്റെ പഠനമേഖലയിൽ വരുന്നുണ്ട് . സ്വാതന്ത്ര്യം, സമത്വം, നീതി, മതേതരത്വം തുടങ്ങിയ വിവിധ ആശയങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കാനും രാഷ്ട്രീയ സിദ്ധാന്ത പഠനം സഹായിക്കുന്നു.

**4. സാമൂഹിക പ്രശ്നങ്ങളെക്കുറിച്ച് ചിട്ടയായ ചിന്ത**

നീതിയും അനീതിയും വിവേചിച്ചറിയുവാൻ രാഷ്ട്രീയ സിദ്ധാന്ത പഠനം സഹായിക്കുന്നു. അതിലൂടെ അഭിപ്രായങ്ങൾ ശരിയായ രീതിയിൽ രൂപപ്പെടുത്തുവാനും യുക്തിപൂർവം വാദിക്കാനും പൊതുതാൽപര്യങ്ങൾക്കുവേണ്ടി നിലകൊള്ളുവാനും ഒരു വ്യക്തിയെ പ്രാപ്തനാക്കുന്നു.

# 12. സ്വാതന്ത്ര്യം

ലളിതമായ അർത്ഥത്തിൽ പരിമിതികളുടെ അഭാവമാണ് സ്വാതന്ത്ര്യം. വിശാലമായ അർത്ഥത്തിൽ സ്വാതന്ത്ര്യം എന്നത് ജനങ്ങളുടെ കഴിവുകൾ വികസിപ്പിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നതാണ് .

## നിയന്ത്രണങ്ങളുടെ ഉറവിടങ്ങൾ

**1. ഗവൺമെന്റ് -** വ്യക്തി സ്വാതന്ത്ര്യത്തിന്മേൽ ഗവൺമെൻറ് നിയന്ത്രണം ഏർപ്പെടുത്താറുണ്ട്. ജനാധിപത്യരാജ്യങ്ങളിൽ വളരെ അത്യാവശ്യമായ നിയന്ത്രണങ്ങൾ മാത്രമേ ഏർപ്പെടുത്താറുള്ളൂ. എന്നാൽ പട്ടാള ഭരണകൂടങ്ങളും സ്വേച്ഛാധിപതികളും ജനങ്ങളുടെ അടിസ്ഥാന അവകാശങ്ങൾ പോലും നിഷേധിക്കുന്ന രീതിയിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്താറുണ്ട്.

**2. സമൂഹം -** വ്യക്തി സ്വാതന്ത്ര്യത്തിനുമേൽ സാമൂഹിക ഇടപെടലുകളും ഉണ്ടാകാറുണ്ട്. ജാതിവ്യവസ്ഥ, രാഷ്ട്രീയ വിദ്വേഷം, പുരുഷ മേധാവിത്വം, സാമ്പത്തിക അസമത്വം തുടങ്ങിയ അനാചാരങ്ങൾ വ്യക്തി സ്വാതന്ത്ര്യത്തിനു മേൽ നിയന്ത്രണം ഏർപ്പെടുത്താറുണ്ട്.

## സാമൂഹിക നിയന്ത്രണങ്ങളുടെ ആവശ്യകത

1. സമൂഹത്തിലെ പിരിമുറുക്കങ്ങളും അസമത്വങ്ങളും കുറയ്ക്കുന്നതിന്.
2. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും അന്തസ്സ് ഉയർത്തിപ്പിടിക്കുക.
3. സമൂഹത്തിൽ ഒരു പ്രത്യേക വിഭാഗത്തിന്റെ ആധിപത്യത്തിനുള്ള സാധ്യത കുറയ്ക്കുന്നതിന്.

## ഹാനി സിദ്ധാന്തം

ഹാനി സിദ്ധാന്ത പ്രകാരം ഒരാളുടെ പ്രവൃത്തികളെ സ്വസംബന്ധിയായ പ്രവർത്തനങ്ങളെന്നും അപാര സംബന്ധിയായ പ്രവർത്തനങ്ങളെന്നും രണ്ടായി തരം തിരിച്ചിരിക്കുന്നു.

**സ്വസംബന്ധിയായ പ്രവർത്തികൾ -** ഒരാളുടെ പ്രവർത്തനങ്ങളുടെ അനന്തര ഫലങ്ങൾ അയാളെ മാത്രമാണ് ബാധിക്കുന്നതെങ്കിൽ അത്തരം പ്രവർത്തനങ്ങളെ സ്വസംബന്ധിയായ പ്രവർത്തികളുടെ ഗണത്തിൽ പെടുത്തുന്നു. ഇത്തരം പ്രവർത്തനങ്ങളിൽ സമൂഹമോ രാഷ്ട്രമായ ഇടപെടേണ്ട ആവശ്യമില്ല.

**അപരസംബന്ധിയായ പ്രവർത്തികൾ -** ഒരാളുടെ പ്രവർത്തനങ്ങളുടെ അനന്തര ഫലങ്ങൾ മറ്റുമുള്ളവരെ ബാധിക്കുന്നതാണെങ്കിൽ അത്തരം പ്രവർത്തനങ്ങളെ അപരസംബന്ധിയായ പ്രവർത്തികളായി കണക്കാക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾ സമൂഹവും രാഷ്ട്രവും ഇടപെട്ട് നിയന്ത്രിക്കേണ്ടതാണ്. ഒരാളുടെ പ്രവർത്തനങ്ങൾ മറ്റുള്ളവർക്ക് നിസാരമായ ബുദ്ധിമുട്ടുകൾ മാത്രമാണ് സൃഷ്ടിക്കുന്നതെങ്കിൽ നിയമനടപടികളുടെ ആവശ്യമില്ല. സാമൂഹിക വിമർശനങ്ങളിലൂടെയും തിരസ്കാരത്തിലൂടെയും ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കാവുന്നതാണ്. എന്നാൽ ഒരു വ്യക്തിയുടെ പ്രവർത്തനങ്ങൾ ഗുരുതരമായ സാമൂഹിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുവെങ്കിൽ നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## നിഷേധാത്മക സ്വാതന്ത്ര്യവും ക്രിയാത്മക സ്വാതന്ത്ര്യവും

**നിഷേധാത്മക സ്വാതന്ത്ര്യം -** ബാഹ്യ നിയന്ത്രണങ്ങളുടെ അഭാവമാണ് നിഷേധാത്മക സ്വാതന്ത്ര്യം. ഒരാൾ ചെയ്യാൻ ആഗ്രഹിക്കുന്നതെന്തും ചെയ്യാനുള്ള സ്വാതന്ത്ര്യമാണിത് . എല്ലാ

മനുഷ്യർക്കും നിയന്ത്രണങ്ങൾ ഇല്ലാതെ പ്രവർത്തിക്കുവാൻ സാധിക്കുന്ന മേഖലകൾ ആവശ്യമാണ്. ബാഹ്യനിയന്ത്രണങ്ങൾ ഇല്ലാതെ പ്രവർത്തിക്കുവാൻ സാധിക്കുന്ന മേഖല വിശാലമാകുമ്പോൾ സ്വാതന്ത്ര്യത്തിന്റെ വ്യാപ്തിയും വർധിക്കുന്നു.

**ക്രിയാത്മക സ്വാതന്ത്ര്യം –** ഒരു വ്യക്തിയ്ക്ക് അയാളുടെ കഴിവുകളും വ്യക്തിത്വവും വികസിപ്പിക്കുന്നതിനുള്ള സാഹചര്യം ഉറപ്പ് വരുത്തുന്നതാണ് ക്രിയാത്മക സ്വാതന്ത്ര്യം. വ്യക്തിത്വ ഭൗതീക സാഹചര്യംഒരുക്കി കൊടുക്കേണ്ടത് ഗവൺമെന്റിന്റെയും സമൂഹത്തിന്റെയും കടമയാണ്.

വാട്ടർ (സിനിമ) - സംവിധാനം ദീപ മേത്ത , സാത്താന്റെ വചനങ്ങൾ (നോവൽ) - സൽമാൻ റുഷ്ദി, രാമായണ റീറ്റോൾഡ് (നോവൽ) - ഒബ്രെയ് മേനോൻ.

# 13 . സമത്വം

എല്ലാ മനുഷ്യരും തുല്യരാണെന്നും എല്ലാവർക്കും തുല്യമായ ആദരവും പരിഗണനയും ലഭിക്കണമെന്നുള്ള ആശയമാണ് സമത്വം.

## നൈസർഗ്ഗീകവും സാമൂഹികവുമായ അസമത്വങ്ങൾ

**നൈസർഗ്ഗീക അസമത്വം –** ജന്മനാ ഉള്ള കഴിവുകളുടെയും ശാരീരികവും മാനസികവുമായ ബലഹീനതകളുടെയും ഫലമായി ഉണ്ടാകുന്നതാണ് നൈസർഗ്ഗീക അസമത്വം. ആധുനിക സാങ്കേതിക വിദ്യയുടെയും വൈദ്യശാസ്ത്രത്തിന്റെയും സഹായത്തോടെ ജന്മനാ ഉള്ള പല വെല്ലുവിളികളെയും ബുദ്ധിമുട്ടുകളെയും ഒരു പരിധി വരെ മറികടക്കുവാൻ സാധിക്കുന്നുണ്ട്. ശാരീരികവും മാനസികവുമായ വെല്ലുവിളികൾ അനുഭവിക്കുന്ന വ്യക്തികളെ സഹായിക്കുവാനുള്ള ഉത്തരവാദിത്വം ഗവണ്മെന്റിനും സമൂഹത്തിനുമുണ്ട്.

**സാമൂഹിക അസമത്വം -** സമൂഹത്തിലെ പ്രബല വിഭാഗം മറ്റ് വിഭാഗം ജനങ്ങളെ ചൂഷണം ചെയ്യുന്നതിലൂടെയും വളരുവാനുള്ള അവസരങ്ങൾ നിഷേധിക്കുന്നതിലൂടെയും സൃഷ്ടിക്കപെടുന്നതാണ് സാമൂഹിക അസമത്വം. ജാതിയുടെയും മതത്തിന്റെയും നിറത്തിന്റെയും ലിംഗത്തിന്റെയും പേരിലുള്ള വിവേചനങ്ങൾ സാമൂഹിക അസമത്വത്തിനുള്ള പ്രധാന കാരണങ്ങളാണ് . നിയമ നിർമാണത്തിലൂടെയും സാമൂഹിക പരിഷ്കരണത്തിലൂടെയും സാമൂഹിക അസമത്വം മറി കടക്കാവുന്നതാണ്.

## സമത്വത്തിന്റെ മൂന്ന് തലങ്ങൾ

**1 . രാഷ്ട്രീയ സമത്വം -** രാഷ്ട്രം എല്ലാ പൗരന്മാർക്കും തുല്യമായ അവകാശങ്ങൾ ഉറപ്പ് നൽകുന്നു. വോട്ട് ചെയ്യുവാനുള്ള അവകാശം, തെരഞ്ഞെടുപ്പിൽ മത്സരിക്കുവാനുള്ള അവകാശം, ആവിഷ്കാര സ്വാതന്ത്ര്യം എന്നിവ രാഷ്ട്രീയ സമത്വത്തിൽ ഉൾപ്പെടുന്നു. രാഷ്ട്രീയ സമത്വം ഉറപ്പ് വരുത്തുന്നതിലൂടെ രാഷ്ട്ര കാര്യങ്ങളിൽ എല്ലാ പൗരന്മാരുടെയും പങ്കാളിത്തം ഉറപ്പ് വരുത്തുവാൻ സാധിക്കുന്നു.

**2 . സാമൂഹിക സമത്വം -** സമൂഹത്തിൽ എല്ലാ വിഭാഗം ജനങ്ങൾക്കും തുല്യ ആദരവും പദവിയും നൽകുന്ന അവസ്ഥയാണ് സാമൂഹിക സമത്വം. എല്ലാ വിഭാഗം ജനങ്ങൾക്കും വിദ്യാഭ്യാസവും ആരോഗ്യ പരിപാലനവും നൽകുന്നതും സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങളും പിന്നോക്കാവസ്ഥയിൽ ഉള്ളവർക്ക് നൽകുന്ന സംവരണവും സാമൂഹിക സമത്വം ഉറപ്പാക്കുന്നതിനുള്ള പ്രധാന മാർഗങ്ങളാണ്.

**3 . സാമ്പത്തിക സമത്വം -** രാഷ്ട്രത്തിന്റെ സമ്പത്ത് എല്ലാവര്ക്കും തുല്യമായി നൽകുന്നതാണ് സാമ്പത്തിക സമത്വം. പരിപൂർണ സാമ്പത്തിക സമത്വം സാധ്യമല്ലെങ്കിലും അസമത്വം കുറയ്ക്കുന്നതിനുള്ള നടപടികൾ ഗവണ്മെന്റിനു സ്വീകരിക്കാവുന്നതാണ്.

## സമത്വം സ്ഥാപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

**1. ഔപചാരിക സമത്വം സ്ഥാപിക്കൽ --** സമൂഹത്തിലെ പ്രബല വിഭാഗങ്ങൾക്ക് നൽകുന്ന പ്രത്യേക അനുകല്യങ്ങളും പദവികളും പിന്നോക്ക വിഭാഗങ്ങളുടെ രാഷ്ട്രീയ, സാമൂഹിക, സാമ്പത്തിക അവകാശങ്ങൾക്ക് മേൽ ഏർപ്പെടുത്തുന്ന അനാവശ്യ നിയന്ത്രണങ്ങളും അവസാനിപ്പിക്കണം. ഭൂരിഭാഗം ആധുനിക ഭരണഘടനകളിലും മതം, വംശം, ജാതി, ലിംഗം അല്ലെങ്കിൽ ജന്മസ്ഥലം എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനാം ഇല്ലായ്മ ചെയ്യുന്നതിനുള്ള നിയമങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

**2. വ്യത്യസ്തമായ പരിഗണനയിലൂടെയുള്ള സമത്വം --** അസമത്വം ഇല്ലാതാക്കുവാനുള്ള നിയമ നിർമാണത്തിലൂടെ മാത്രം യഥാർത്ഥ സമത്വം സ്ഥാപിക്കുവാൻ സാധിക്കില്ല.. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും സമൂഹത്തിൽ അവകാശങ്ങൾ ഉറപ്പ് വരുത്തുന്നതിനായി ദുർബല വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകേണ്ടത് ആവശ്യമാണ്. വികലാംഗർക്കും സ്ത്രീകൾക്കും പ്രത്യേക പരിഗണന നൽകുന്നത് ഇത്തരം നടപടികൾക്ക് ഉദാഹരണമാണ്.

**3. അനുകൂലാത്മക നടപടികൾ -** സാമൂഹിക അസമത്വം കുറയ്ക്കുന്നതിനും ഇല്ലാതാക്കുന്നതിനും വേണ്ടി നടപ്പാക്കുന്ന പ്രവർത്തനങ്ങളാണ് അനുകൂലാത്മക നടപടികൾ. ദുർബല വിഭാഗത്തിന് നൽകുന്ന സ്കോളർഷിപ്പും ഹോസ്റ്റൽ സൗകര്യവും സംവരണ സമ്പ്രദായവും അനുകൂല നടപടിക്ക് ഉദാഹരണങ്ങളാണ്.

# 14. സാമൂഹ്യ നീതി

ഒരു സമൂഹത്തിലെ എല്ലാ വിഭാഗം ആൾക്കാർക്കും ക്ഷേമം ഉറപ്പ് വരുത്തുവാനും അന്തസ്സോടു കൂടി ജീവിക്കുവാനും കഴിയുന്ന അവസ്ഥയാണ് സാമൂഹിക നീതിയെന്ന് ഇമ്മാനുവേൽ കന്റ് എന്ന ജർമൻ ചിന്തകൻ അഭിപ്രായപ്പെട്ടു.

## നീതിയുടെ മൂന്ന് തത്വങ്ങൾ

**തുല്യർക്ക് തുല്യ പരിഗണന -** എല്ലാ മനുഷ്യർക്കും സമൂഹത്തിൽ തുല്യ പ്രാധാന്യവും തുല്യ അവകാശവുമുമാണുള്ളത്. ജീവിക്കുവാനുള്ള അവകാശം, സ്വാതന്ത്രത്തിനുള്ള അവകാശം, സ്വത്തുസമ്പാദിക്കുവാനുള്ള അവകാശം തുടങ്ങിയവ എല്ലാ പൗരന്മാർക്കും നൽകപ്പെട്ടിരിക്കുന്നു. വ്യക്തികളെ വിലയിരുത്തേണ്ടത് അവരുടെ ജാതിയുടെയോ മതത്തിന്റെയോ നിറത്തിന്റെയോ അടിസ്ഥാനത്തിലല്ലെന്നും മറിച്ച് അവരുടെ പ്രവർത്തനങ്ങളെ മുൻനിർത്തിയാകണമെന്നുമാണ് നീതി സിദ്ധാന്തം പ്രസ്താവിക്കുന്നത്.

**ആനുപാതിക നീതി -** എല്ലാ സാഹചര്യങ്ങളിലും എല്ലാവർക്കും തുല്യ പരിഗണന നൽകുന്നത് പ്രായോഗികമല്ല. ഓരോ വ്യക്തിയും ചെയ്യുന്ന പ്രവർത്തനങ്ങൾക്കാവശ്യമായ അധ്വാനം, വൈദഗ്ധ്യം, അപകട സാധ്യത, ചെയ്യുന്ന പ്രവർത്തനങ്ങളുടെ സാമൂഹിക പ്രസക്തി എന്നിവ കണക്കിലെടുത്തു ചില പ്രത്യേക ആനുകൂല്യങ്ങളും പരിഗണനയും നൽകുന്നത് നീതി യുക്തമാണ്.

**പ്രത്യേക ആവശ്യങ്ങൾ അംഗീകരിക്കൽ -** ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ, പ്രായാധിക്യമുള്ളവർ, സാമൂഹികമായി പിന്നോക്കാവസ്ഥയിലുള്ളവർ തുടങ്ങിയ വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നത് മറ്റു വിഭാഗങ്ങളോടുള്ള നീതി നിഷേധമല്ല. ഇത്തരം പ്രത്യേക പരിരക്ഷയിലൂടെ മാത്രമേ ഈ വിഭാഗങ്ങളിൽ പെട്ടവർക്ക് അർഹമായ പല അവകാശങ്ങളും നേടിയെടുക്കുവാൻ സാധിക്കുകയുള്ളൂ. ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ജാതി സംവരണവും ഗവണ്മെന്റ് ദരിദ്രവിഭാഗങ്ങൾക്ക് നൽകുന്ന സാമ്പത്തിക ആനുകൂല്യങ്ങളും ലക്ഷ്യമാക്കുന്നത് സാമൂഹിക നീതി കൂടുതൽ ആളുകളിലെയ്ക്ക് എത്തിക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമാണ്.

## ജോൺ റോൾസിന്റെ നീതി സിദ്ധാന്തം

വ്യക്തികൾ അവരുടെ ഭാവിയെ കുറിച്ച അജ്ഞരായിരിക്കുന്ന ഒരു സാങ്കല്പിക അവസ്ഥയെ അടിസ്ഥാനമാക്കിയാണ് ജോൺ റോൾസ് തന്റെ നീതി സിദ്ധാന്തം അവതരിപ്പിക്കുന്നത്. നീതി യുക്തമായ സമൂഹസൃഷ്ടിയ്ക്ക് ആവശ്യമായ നിയമങ്ങൾ നിർമ്മിക്കുവാൻ ഉത്തരവാദിത്വം ലഭിച്ചവർ ഭാവി സമൂഹത്തിൽ താങ്കളുടെ അവസ്ഥയെന്താകും എന്നറിയില്ലാത്തവർ ആണെങ്കിൽ സംഭവിക്കുവാൻ ഇടയുള്ള ചില സാധ്യതകളെ അടിസ്ഥാനമാക്കിയാണ് നീതി സിദ്ധാന്തം രൂപപ്പെടുത്തിയിരിക്കുന്നത്. ഭാവി സമൂഹത്തിൽ ഏറ്റവും ഉന്നതനോ പരമ ദരിദ്രനോ ആകുവാനുള്ള സാധ്യത ഉള്ളത് കൊണ്ട് സമൂഹത്തിലെ എല്ലാ വിഭാഗം ആൾക്കാർക്കും ഉപകാരപ്രദമായ നിയമങ്ങൾ നിർമ്മിക്കുവാൻ ഉത്തരവാദിത്വപ്പെട്ടവർ ശ്രമിക്കും. ഭാവിയെ കുറിച്ചുള്ള അറിവില്ലായ്മയെ യെ അജ്ഞതയുടെ മൂടുപടം എന്നാണ് ജോൺ റോൾസ് വിശേഷിപ്പിക്കുന്നത്. അജ്ഞതയുടെ മൂടുപടത്തിനുള്ളിൽ

നിന്ന് കൊണ്ട് ഭരണാധിപന്മാർ കാര്യനിർവഹണം നടത്തുകയാണെങ്കിൽ സമൂഹത്തിലെ സാധാരണക്കാർക്കും ദുർബലർക്കും അനുകൂലമായ നിയമങ്ങൾ നിർമിക്കപെടുമെന്ന ജോൺ റോൾസ് അഭിപ്രായപ്പെട്ടു. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളുടെയും പ്രശ്നങ്ങൾ സ്വന്തം പ്രശ്നങ്ങൾ പോലെ കാണുവാനുള്ള വിശാല കാഴ്ചപ്പാട് ഭരണാധിപന്മാർക്ക് ഉണ്ടാകണമെന്നും നീതി സിദ്ധാന്തത്തിൽ പറയുന്നു.

# 15. അവകാശങ്ങൾ

മാന്യമായ ജീവിതം നയിക്കാൻ അവശ്യമായായ ഘടകങ്ങളാണ് അവകാശങ്ങൾ. അവകാശങ്ങൾ സമൂഹം അംഗീകരിക്കുകയും നടപ്പാക്കുകയും ചെയ്യുന്നു. ജീവിക്കാനുള്ള അവകാശം, സ്വാതന്ത്ര്യത്തിനുള്ള അവകാശം, സമത്വത്തിനുള്ള അവകാശം, സ്വത്തവകാശം മുതലായ അടിസ്ഥാന അവകാശങ്ങൾക്ക് എല്ലാ മനുഷ്യർക്കും അർഹതയുണ്ട്.

## അവകാശങ്ങളും സമൂഹവും

അവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള പ്രാഥമിക ഉത്തരവാദിത്തം രാജ്യത്തിനും സമൂഹത്തിനുമാണ്. ആധുനിക ഭരണഘടനാ നിയമങ്ങളിൽ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നതിനുള്ള നിയമങ്ങൾ ഉൾപ്പെടുന്നു. ഇന്ത്യൻ ഭരണഘടനയുടെ മൂന്നാം ഭാഗം വ്യക്തമാക്കിയ മൗലികാവകാശങ്ങളുടെ ഉദാഹരണമാണിത്.

## വ്യത്യസ്ത തരത്തിലുള്ള അവകാശങ്ങൾ

### 1. രാഷ്ട്രീയ അവകാശങ്ങൾ

വോട്ടവകാശം, തിരഞ്ഞെടുപ്പിൽ മത്സരിക്കാനുള്ള അവകാശം, രാഷ്ട്രീയ പാർട്ടികൾ രൂപീകരിക്കുന്നതിനുള്ള അവകാശം തുടങ്ങിയവയാണ് പ്രധാനപെട്ട രാഷ്ട്രീയ അവകാശങ്ങൾ. വ്യക്തിയുടെ താല്പര്യങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുവാൻ രാഷ്ട്രീയ അവകാശങ്ങൾ ഗവണ്മെന്റിനെ പ്രേരിപ്പിക്കുന്നു.

### 2. പൗരാവകാശങ്ങൾ

സ്വതന്ത്രവും നീതിയുക്തവുമായ വിചാരണയ്ക്കുള്ള അവകാശം, അഭിപ്രായ സ്വാതന്ത്ര്യം, സംഘടനകൾ രൂപീകരിക്കാനുള്ള സ്വാതന്ത്ര്യം തുടങ്ങിയവ പൗരാവകാശങ്ങളുടെ ഉദാഹരണങ്ങളാണ്. രാഷ്ട്രീയ അവകാശങ്ങളും പൗരാവകാശങ്ങളും കൂടി ചേർന്നതാണ് ജനാധിപത്യ ഭരണകൂടങ്ങളുടെ അടിസ്ഥാനം.

### 3. സാമ്പത്തിക അവകാശങ്ങൾ

ഭക്ഷണം, പാർപ്പിടം, ആരോഗ്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ, ജോലി ചെയ്യാനുള്ള അവകാശം, വിശ്രമിക്കാനുള്ള അവകാശം, ന്യായമായ വേതനത്തിനുള്ള അവകാശം എന്നിവയാണ് പ്രധാന സാമ്പത്തിക അവകാശങ്ങൾ. അടിസ്ഥാന സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റപ്പെടുന്ന ഒരു വ്യക്തിക്ക് മാത്രമേ രാഷ്ട്രീയ അവകാശനങ്ങളും മറ്റു പൗര അവകാശങ്ങളും അനുഭവിക്കുവാൻ സാധിക്കൂ.

## അവകാശങ്ങളും ഉത്തരവാദിത്തങ്ങളും

അവകാശങ്ങൾക്കൊപ്പം വ്യക്തികൾക്കും ഉത്തരവാദിത്തങ്ങളുണ്ട്. വ്യക്തികളുടെ പ്രധാന ഉത്തരവാദിത്തങ്ങൾ ഇനിപ്പറയുന്നവയാണ്.

### 1. പൊതുനന്മയ്ക്കായി പ്രവർത്തിക്കുക

പരിസ്ഥിതി സംരക്ഷണം, വനം, പൊതുജനങ്ങളിൽ നിന്നുള്ള സംരക്ഷണം എന്നിവയെല്ലാം സമൂഹത്തിന്റെ ക്ഷേമത്തിന് ഉത്തരവാദികളാണ്.

### 2. മറ്റുള്ളവരുടെ അവകാശങ്ങളെ ബഹുമാനിക്കുക

എല്ലാവർക്കും തുല്യ അവകാശങ്ങളുണ്ട്. മറ്റുള്ളവരുടെ അവകാശങ്ങളിൽ ഇടപെടാതെ ഓരോരുത്തരും സ്വന്തം അവകാശങ്ങൾ ആസ്വദിക്കണം.

### 3. സ്വന്തം അവകാശങ്ങൾക്ക് മേലുള്ള നിയന്ത്രണം

രാജ്യത്തിന്റെയും സമൂഹത്തിന്റെയും നന്മയ്ക്കായി അവകാശങ്ങൾക്ക് ചില നിയന്ത്രണങ്ങളുണ്ട്. പൊതുനന്മയ്ക്കായി സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളെ മാനിക്കാൻ എല്ലാവരും ബാധ്യസ്ഥരാണ്.

മനുഷ്യാവകാശ ദിനം.

**സാർവത്രിക മനുഷ്യാവകാശ പ്രഖ്യാപനം 1948 ഡിസംബർ 10 നാണ് നടന്നത്. ഡിസംബർ 10 മനുഷ്യാവകാശ ദിനമായി ആചരിക്കുന്നു.**

# 16. പൗരത്വം

ഒരു രാഷ്ട്രത്തിലെ തുല്യവും പൂര്ണവുമായ അംഗത്വമാണ് പൗരത്വം.പൗരത്വം വ്യക്തികൾക്ക് സംരക്ഷണവും അവകാശങ്ങളും ഉറപ്പ് നൽകുന്നു. പൗര അവകാശങ്ങൾ നേടിയെടുക്കുന്നതിനായി അനേകം സമരങ്ങൾ നടന്നിട്ടുണ്ട്. ഫ്രഞ്ച് വിപ്ലവം, ഏഷ്യയിലും ആഫ്രിക്കയിലും നടന്ന സ്വതന്ത്ര സമരങ്ങൾ, വർണ വിവേചനത്തിനെതിരെയുള്ള പോരാട്ടങ്ങൾ എന്നിവ ഇതിനു ഉദാഹരണങ്ങളാണ്.

## പൂർണവും തുല്യവുമായ അംഗത്വം -

രാജ്യത്തിൻറെ എല്ലാ ഭാഗങ്ങളിലും പൗര അവകാശങ്ങൾ അനുഭവിച്ചു കൊണ്ട് ജീവിക്കുവാനുള്ള അവസരം എല്ലാ പൗരന്മാർക്കും നൽകുന്നതാണ് പൂർണവും തുല്യവുമായ പൗരത്വം എന്ന ആശയം. എന്നാൽ രാജ്യത്തിൻറെ മറ്റു ഭാഗങ്ങളിൽ നിന്നുള്ളവരെ സ്വീകരിക്കുവാൻ പലരും തയ്യാറല്ല. പുറമെ നിന്നുള്ളവർ എന്നും അകമേ ഉള്ളവർ എന്നുമുള്ള വികാരം പല സമൂഹങ്ങളിലും ശക്തമാണ്. വിദഗ്ധരായ തൊഴിലാളികളും പ്രൊഫഷണലുകളും പലപ്പോഴും വലിയ എതിർപ്പുകളെ നേരിടേണ്ടി വരാറില്ല. എന്നാൽ പുറമെ നിന്ന് വരുന്ന പാവപെട്ട തൊഴിലാളികളെ സ്വീകരിക്കുവാൻ പല സമൂഹങ്ങളും തയ്യാറല്ല. പരിമിതമായ വിഭവങ്ങളും തൊഴിൽ അവസരങ്ങളും പങ്കു വെയ്ക്കുവാൻ പല ജന വിഭാഗങ്ങളും തയ്യാറല്ല.

## ഇന്ത്യൻ പൗരത്വം ആർജിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ

(1) ജന്മസിദ്ധമായ പൗരത്വം
(2) പിന്തുടർച്ച വഴിയുള്ള പൗരത്വം
(3) രജിസ്ട്രേഷൻ വഴിയുള്ള പൗരത്വം
(4) ചിരകാലാധിവാസം മുഖേനയുള്ള പൗരത്വം
(5) പ്രദേശങ്ങൾ കൂട്ടി ചേർത്തതിലൂടെ ലഭിക്കുന്ന പൗരത്വം.

## സാർവത്രിക പൗരത്വം -

ഒരു രാജ്യത്തെ അംഗത്വം നേടുവാൻ ആഗ്രഹിക്കുന്നവർക്കെല്ലാം പൗരത്വം നല്കണമെന്നുള്ള കാഴ്ചപ്പാടാണ് സാർവത്രിക പൗരത്വം. യുദ്ധം, വംശീയ കലാപം, പ്രകൃതി ദുരന്തങ്ങൾ, ക്ഷാമം എന്നിവ മൂലം കോടികണക്കിനാളുകൾ മറ്റു രാജ്യങ്ങളിലേക്ക് അഭയാർഥികളായി പലായനം ചെയ്യാറുണ്ട്. അഭയാർത്ഥികൾ ആയി എത്തുന്ന എല്ലാവർക്കും പൗരത്വം നൽകുവാൻ ലോക രാജ്യങ്ങൾ തയ്യാറാകാറില്ല. അനിയന്ത്രിതമായി അഭയാർത്ഥികളെ സ്വീകരിക്കുന്നത് രാജ്യത്തിൻറെ സുരക്ഷയെയും സാമ്പത്തിക സ്ഥിതിയെയും പ്രതികൂലമായി ബാധിക്കുമെന്നുള്ള ഭയം നിമിത്തംഗവൺമെന്റുകൾ പൗരത്വ നിയമങ്ങളിൽ അതീവ ജാഗ്രത പുലർത്താറുണ്ട്.

## ആഗോള പൗരത്വം -

ഏതെങ്കിലും ഒരു പ്രത്യേക രാജ്യത്തെ പൗരൻ എന്നതിതിലുപരിയായി വിശ്വ സമൂഹത്തിലെ അംഗങ്ങളാണ് ഓരോ മനുഷ്യരും എന്ന വിശാലമായ കാഴ്ചപ്പാടാണ് ആഗോള പൗരത്വം. ഭീകര വാദം, പകച്ചവ്യാധികൾ, പ്രകൃതി ദുരന്തങ്ങൾ , അഭയാർത്ഥി പ്രശ്നം തുടങ്ങിയ സമകാലീക വെല്ലുവിളികൾ ഏതെങ്കിലും ഒരു രാജ്യത്തിന് തനിച്ചു പരിഹരിക്കുവാൻ സാധ്യമല്ല. മാനവസമൂഹത്തിന്റെ കൂട്ടായ്മയിലൂടെ മാത്രമേ ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം കാണുവാൻ

സാധിക്കുകയുള്ളു. ആഗോളവത്കരണവും ഗതാഗത - വാർത്താവിനിമയ രംഗത്തുണ്ടായ മുന്നേറ്റവും ജങ്ങൾക്കിടയിൽ കൂടുതൽ അടുപ്പം സൃഷ്ടിക്കുവാൻ സഹായകരമായിട്ടുണ്ട്.

# 17. ദേശീയത

ഒരു രാജ്യത്തിലെ പൗരന്മാർക്ക് തങ്ങൾ ആ രാജ്യത്തിൻറെ ഭാഗം ആണെന്നുള്ള വികാരമാണ് ദേശീയത. ക്രിയാത്മക ദേശീയത ജനങ്ങളെ ഒരുമിപ്പിക്കുകയും അഭിവൃദ്ധിയ്ക്ക് കാരണമാവുകയും ചെയ്യുന്നു. എന്നാൽ വിനാശകരമായ ദേശീയത പല രാജ്യങ്ങളുടെയും ശിഥിലീകരണത്തിനു കാരണം ആയിട്ടുണ്ട്.

വംശപരമ്പര, ഭാഷ, മതം , വംശീയത തുടങ്ങിയ പൊതു സവിശേഷതകൾ ഉള്ള ജനങ്ങളുടെ കൂട്ടായ്മയാണ് രാഷ്ട്രം. എല്ലാ രാഷ്ട്രങ്ങൾക്കും ഈ സവിശേഷതകൾ എല്ലാം ഉണ്ടാകണമെന്നില്ല. രാഷ്ട്രത്തെ പൊതു വിശ്വാസങ്ങളും അഭിലാഷണങ്ങളും ഭാവനകളുമുള്ള ഒരു സാങ്കല്പിക കൂട്ടായ്മയായി നിർവചിക്കാറുണ്ട്.

## ദേശീയത വളർത്തുവാൻ സഹായിക്കുന്ന ചില പൊതു ധാരണകൾ

## രാഷ്ട്രവുമായി ബന്ധപ്പെട്ട ചില പൊതു ധാരണകൾ

രാഷ്ട്രവുമായി ബന്ധപ്പെട്ട ചില പൊതു ധാരണകൾ ചുവടെ ചേർക്കുന്നു. ഈ ഘടകങ്ങൾ ദേശീയത വളർത്തുവാൻ സഹായിക്കാറുണ്ട്.

### 1 . പൊതുവായ വിശ്വാസങ്ങൾ

താങ്കൾ എല്ലാവരും ഒരേ സമൂഹത്തിലെ അംഗങ്ങൾ ആണെന്നുള്ള വിശ്വാസം പൗരന്മാരിൽ ഉണ്ടാകുമ്പോൾ മാത്രമാണ് രാഷ്ട്രം ശക്തമാകുന്നത്. ഐക്യം, ദേശീയ വ്യക്തിത്വം, രാഷ്ട്ര വികസനം എന്നീ വിഷയങ്ങളിൽ ഒരു പൊതു വിശ്വാസം പൗരന്മാർക്കിടയിൽ ഉണ്ടാകണം.

### 2 . ചരിത്രം

അഭിമാനബോധം സൃഷ്ടിക്കുന്ന ചരിത്ര പശ്ചാത്തലം ഉള്ളത് ദേശീയതയെ ശക്തി പെടുത്തും. കൂട്ടായ സ്മരണകൾ, ഐതീഹ്യങ്ങൾ, മഹത്തായ സംഭവങ്ങൾ, മഹാന്മാരായ വ്യക്തികൾ എന്നിവയെ കുറിച്ചുള്ള ഓർമ്മകൾ പൗരനറിൽ ദേശസ്നേഹം സൃഷ്ടിക്കുവാൻ സഹായകരമാണ്.

### 3. ഭൂപ്രദേശം

ഒരു പ്രത്യേക ഭൂപ്രദേശത്ത് ഒന്നിച്ചു ജീവിക്കുന്നത് താങ്കൾ ഒരു ഏക ജനതയാണെന്നുള്ള ബോധ്യം പൗരന്മാർക്കുണ്ടാകുന്നു. സ്വന്തം രാജ്യത്തിൻറെ ഭൂപ്രദേശത്തിനു പുണ്യഭൂമി, പിതൃഭൂമി, മാതൃഭൂമി എന്നിങ്ങനെ വിവിധ വിശേഷങ്ങൾ നൽകുന്നത് പൗരന്മാർക്ക് ഭൂപ്രദേശത്തോടുള്ള ഹൃദയബന്ധത്തെ സൂചിപ്പിക്കുന്നു.

### 4. പൊതുവായ രാഷ്ട്രീയ ദർശനങ്ങൾ

ദേശീയത ശക്തിപ്പെടുത്തുവാൻ സഹായിക്കുന്ന മറ്റൊരു പ്രധാന ഘടകമാണ് പൊതുവായ രാഷ്ട്രീയ വിശ്വാസങ്ങൾ. ജനാധിപത്യം, മതേതരത്വം, ലിബറലിസം തുടങ്ങിയ വിവിധ ആശയങ്ങളിലുള്ള വിശ്വാസം ഒരു ജനതയെ ഒന്നിച്ചു നിലക്കുവാൻ പ്രേരിപ്പിക്കുന്നു.

### 5. പൊതുവായ രാഷ്ട്രീയ സ്വത്വം

പൊതു ഭാഷ, ഒരേ മതം, ഒരേ ആഘോഷങ്ങളും ആചാരങ്ങളും തുടങ്ങിയ പൊതുവായ സാംസ്കാരിക പശ്ചാത്തലവും ദേശീയത പുഷ്ടിപ്പെടുത്തുവാൻ കാരണമാകുന്നു. എന്നാൽ

രാഷ്ട്രങ്ങൾ ഭാഷയ്ക്കും മതത്തിനും അമിത പ്രാധാന്യം നൽകുന്നത് പല രാഷ്ട്രങ്ങളിലും വിഘടനവാദ പ്രവർത്തനങ്ങളുടെ വളർച്ചയ്ക്ക് കാരണമായിട്ടുണ്ട്.

# 18 . മതേതരത്വം

സമൂഹത്തിൽ നിലനിൽക്കുന്ന വ്യത്യസ്ത മതവിഭാഗങ്ങൾക്ക് തുല്യ ബഹുമാനവും അവസരങ്ങളും നൽകുന്ന ആശയമാണ് മതേതരത്വം.

**അന്തർ മത മേധാവിത്വം** - ഏതെങ്കിലും ഒരു മതം മറ്റു മതങ്ങളുടെ മേൽ ആധിപത്യം പുലർത്തുന്നതിനെയാണ് അന്തർമത മേധാവിത്വം എന്ന് പറയുന്നത് . ചില സമൂഹങ്ങളിൽ ഭൂരിപക്ഷ മതവിഭാഗത്തിൽ പെടുന്നവർ ന്യൂനപക്ഷ മതവിഭാഗത്തിൽ പെട്ടവർക്ക് അടിസ്ഥാന മത സ്വാതന്ത്ര്യം പോലും നിഷേധിക്കുന്ന തെറ്റായ പ്രവണത നിലനിൽക്കുന്നുണ്ട്.

**ആന്തരിക മത മേധാവിത്വം -** ഒരു മതത്തിലെ ഒരു വിഭാഗം അതെ മതത്തിലെ മറ്റുള്ളവരുടെ മേൽ ആധിപത്യം സ്ഥാപിക്കുന്ന രീതിയെ ആന്തരിക മത മേധാവിത്വം എന്ന് വിശേഷിപ്പിക്കുന്നു. മതത്തിനുള്ളിൽ നിലനിൽക്കുന്ന ജാതി വ്യവസ്ഥയും പുരുഷ മേധാവിദ്വവും ആന്തരിക മത മേടവിത്വത്തിനു ഉദാഹരണങ്ങളാണ്.

**മതേതര രാഷ്ട്രം.**

എല്ലാ മതങ്ങളെയും സംരക്ഷിക്കുകയും മറ്റൊരു മതത്തിന്റെ ചെലവിൽ ഏതെങ്കിലുമൊരു മതത്തെ അനുകൂലിക്കാത്തതും രാഷ്ട്രത്തിന്റെ ഔദ്യോഗിക മതമായി ഒരു മതത്തെയും സ്വീകരിക്കാത്തതുമായ രാഷ്ട്രമാണ് മതേതര രാഷ്ട്രം. മതേതര രാഷ്ട്രത്തിന്റെ പ്രധാന സവിഷേതകൾ ചുവടെ ചേർക്കുന്നു.

1. മതേതര രാഷ്ട്രത്തിനു ഔദ്യോഗിക മതം ഇല്ല
2. മതവും രാഷ്ട്രവും തമ്മിൽ ബന്ധമില്ല
3. മതമേധാവി രാഷ്ട്രത്തലവൻ അകാൻ പാടില്ല
4. ഏതെങ്കിലും ഒരു പ്രത്യേക മതത്തിൽ വിശ്വസിക്കുന്നവർക്ക് പ്രത്യേക പരിഗണനകളില്ല.

**മതേതരത്വത്തിന്റെ പാശ്ചാത്യ മാതൃക**

മതേതരത്വത്തിന്റെ പാശ്ചാത്യ മാതൃക മുന്നോട്ടു വെയ്ക്കുന്ന പ്രധാന ആശയങ്ങൾ ചുവടെ ചേർക്കുന്നു.

1. മതവും രാഷ്ട്രവും പരസ്പരം ഇടപെടുന്നില്ല
2. രാഷ്ട്രം മതസ്ഥാപനങ്ങളെ സാമ്പത്തികമായി സഹായിക്കുന്നില്ല
3. മതം ഒരു സ്വകാര്യ വിഷയമാണ്
4. രാഷ്ട്ര പിന്തുണയോടെയുള്ള മത പരിഷ്കരണത്തെ പ്രോത്സാഹിപ്പിക്കുന്നില്ല
5. വ്യക്തി സ്വതന്ത്ര്യവും സമത്വവുമാണ് പ്രധാനപ്പെട്ടത്
6. സാമുദായിക അവകാശങ്ങൾ, ന്യൂനപക്ഷ അവകാശങ്ങൾ എന്നിവയ്ക്ക് പ്രാധാന്യമില്ല.

## മതേതരത്വത്തിന്റെ പാശ്ചാത്യ മാതൃക

ഇന്ത്യൻ മതേതരത്വം പാശ്ചാത്യ മാതൃകയിൽ നിന്നും വ്യത്യസ്തമായ ചില ആശയങ്ങൾ കൂടി ഉൾക്കൊള്ളുന്നതാണ് . ഇന്ത്യൻ മതേതരത്വവുമായി ബന്ധപ്പെട്ട പ്രധാന ആശയങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

1. മതങ്ങൾക്കിടയിലെ സമത്വത്തിനു പ്രാധാന്യം കല്പിക്കുന്നു.
2. മതത്തിനുള്ളിലെ സമത്വത്തിനും പ്രാധാന്യം ഉണ്ട്
3. രാഷ്ട്ര പിന്തുണയോടെയുള്ള മതപരിഷ്കരണം പ്രോത്സാഹിപ്പിക്കുന്നു
4. ന്യൂനപക്ഷവിഭാഗങ്ങളുടെ അവകാശങ്ങൾക്ക് പ്രാധാന്യം ഉണ്ട്.

## ഇന്ത്യൻ മതേതരത്വത്തിന് എതിരെയുള്ള പ്രധാന വിമർശനങ്ങൾ

### 1. മതവിരുദ്ധത

ഇന്ത്യൻ മതേതരത്വം മതങ്ങൾക്ക് എതിരാണ് എന്നു വിമർശകർ അഭിപ്രായപ്പെടുന്നു.

എന്നാൽ മതഭ്രാന്തും വർഗീയതയും വളർത്തുന്ന പ്രവർത്തനങ്ങളെ മാത്രമാണ് ഇന്ത്യൻ മതേതരത്വം എതിർക്കുന്നത്

### 2. പാശ്ചാത്യ ഇറക്കുമതി

പാശ്ചാത്യ ആശയമായ മതേതതരത്വം ഇന്ത്യൻ സാഹചര്യങ്ങൾക്ക് യോജിക്കുന്നതല്ല എന്ന വിമർശനം നിലനിൽക്കുന്നുണ്ട്.

പാശ്ചാത്യം ആയതുകൊണ്ട് മാത്രം ഒരു ആശയം തള്ളി കളയേണ്ടതില്ല. ഇന്ത്യൻ മതേതരത്വം പാശ്ചാത്യ മതേതരത്വത്തിൽ നിന്നും വ്യത്യസ്തമാണ് .

### 3. ന്യൂനപക്ഷത്വം

ന്യൂനപക്ഷത്തിന് പ്രത്യേക പരിഗണന നല്കുന്നുവെന്നതാണ് ഇന്ത്യൻ മതേതരത്വത്തിനെതിരെയുള്ള മറ്റൊരു വിമർശനം.

ന്യൂനപക്ഷങ്ങളുടെ അടിസ്ഥാന അവകാശങ്ങൾ ഉറപ്പ് വരുത്തുവാനുള്ള സാഹചര്യം മാത്രമാണ് ഇന്ത്യൻ മതേതരത്വം ഉറപ്പു വരുത്തുന്നത് .

### 4. ഇടപെടൽ

ഇന്ത്യൻ മതേതരത്വം മതസ്വാതന്ത്ര്യത്തിൽ അമിതമായി ഇടപെടുന്നുവെന്നതാണ് മറ്റൊരു വിമർശനം .

രാഷ്ട്രപിന്തുണയോടെയുള്ള മതപരിഷ്കാരങ്ങൾ മാത്രമാണ് ഇന്ത്യൻ മതേതരത്വം നടത്തുന്നത്

### 5. വോട്ട് ബാങ്ക് രാഷ്ട്രീയം

ഇന്ത്യൻ മതേതരത്വം വോട്ട് ബാങ്ക് രാഷ്ട്രീയത്തെ പ്രോത്സാഹിപ്പിക്കുന്നു എന്നതാണ് മറ്റൊരു വിമർശനം.

വോട്ട് ബാങ്ക് രാഷ്ട്രീയം ജനാധിപത്യത്തിന്റെ ഭാഗമാണ്. ഒരു വിഭാഗത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമാകുമ്പോൾ മാത്രമാണ് വോട്ട് ബാങ്ക് രാഷ്ട്രീയം അപകടകരമാകുന്നത്.

### 6. അസാധ്യമായ പദ്ധതി

മതബോധം ആഴത്തിൽ വേരോടിയ സമൂഹത്തിൽ മതേതരത്വം അപ്രോയോഗികം ആണെന്ന് ചിലർ അഭിപ്രായപ്പെടുന്നു. ഈ വാദഗതി തികച്ചും തെറ്റാണ്.

ഇന്ത്യൻ സമൂഹത്തിലെ ഭൂരിപക്ഷവിഭാഗം മതേതര ചിന്താഗതിയുള്ളവരാണ്

# 19. സമാധാനം

സാധാരണയായി സമാധാനം എന്നത് യുദ്ധത്തിന്റെ അഭാവം എന്ന് നിർവവചിക്കപെടാറുണ്ട്. എന്നാൽ വിശാലമായ അർത്ഥത്തിൽ യുദ്ധം, ലഹള, കൂട്ടക്കൊല, കൊലപാതകം അഭാവമാണ് സമാധാനം.

**ഘടനാപരമായ ഹിംസയുടെ രൂപങ്ങൾ**

സാമൂഹിക ശ്രേണിയിലെ ഏതെങ്കിലും ഒരു പ്രത്യേക വിഭാഗത്തിൽ പെട്ടത് കൊണ്ട് മാത്രം വ്യക്തികൾ അക്രമങ്ങൾക്ക് ഇരയാകാറുണ്ട്. സമൂഹത്തിലെ പ്രബല വിഭാഗത്തിൽ പെട്ടവർ ദുർബല വിഭാഗത്തിലെ അംഗങ്ങൾക്കെതിരെ നടത്തുന്ന ഇത്തരം അക്രമങ്ങളെ ഘടനാപരമായ ഹിംസ എന്ന് വിശേഷിപ്പിക്കാം.

**1. ജാതിശ്രേണി**

പരമ്പരാഗതമായ ജാതിവ്യവസ്ഥയുടെ അടിസ്ഥാനത്തിൽ സമൂഹത്തിൽ നിന്ന് മാറ്റി നിർത്തപ്പെടുകയും വിവിധ തരത്തിലുള്ള അവഹേളനങ്ങൾക്കും പീഡനങ്ങൾക്കും ഇരയാകുകയും വഹിയ്യുന്ന വലിയൊരു ജനവിഭാഗം ഇന്ത്യയിലുണ്ട്. ദളിത് വിഭാഗത്തിൽ പെട്ടവർ അനുഭവിച്ചിരുന്ന തൊട്ടുകൂടായ്മ ഇതിനുദാഹരണമാണ് .

**2. വർഗ വിഭജനം**

സാമ്പത്തിക അസമത്വവും വിവിധ അക്രമങ്ങൾക്ക് കാരണം ആകാറുണ്ട്. മുതലാളിത്ത വർഗം തൊഴിലാളികൾക്ക് നേരെ നടത്തുന്ന അതിക്രമങ്ങൾ ഈ വിഭാഗത്തിൽ പെടുന്നു.

**3. പുരുക്ഷാധിപത്യം**

പുരുക്ഷാധിപത്യം നില നിൽക്കുന്ന സമൂഹങ്ങളിൽ സ്ത്രീകൾ വിവിധ തരത്തിലുള്ള അതിക്രമങ്ങൾക്ക് വിധേയരാകാറുണ്ട്. പെൺ ഭ്രൂണഹത്യ . ശൈശവ വിവാഹം, സ്ത്രീധന പീഡനം, ലൈംഗീക പീഡനങ്ങൾ, ഗാർഹിക പീഡനം തുടങ്ങിയ അതിക്രമങ്ങൾക്ക് സ്ത്രീകൾ ഇരയാകുന്നു.

**4. കൊളോണിയലിസം**

ഒരു രാജ്യം മറ്റൊരു രാജ്യത്തെ കീഴടക്കി ഭരിക്കുന്നതാണ് കോളനി വാഴ്ച. കോളനി രാജ്യങ്ങളിലെ ജനങ്ങളുടെ അടിസ്ഥാന അവകാശങ്ങൾ പോലും ലംഘിച്ചു കൊണ്ടാണ് യൂറോപ്യൻ രാജ്യങ്ങൾ ഏഷ്യൻ ആഫ്രിക്കൻ രാജ്യങ്ങൾ ഭരിച്ചിരുന്നത്.

**5. വംശീയതയും വർഗീയതയും**

ഒരു പ്രത്യേക വംശത്തിൽ ജനിച്ചതിനാൽ വംശീയമായി അധിക്ഷേപിക്കപ്പെടുകയും ചൂഷണം ചെയ്യപ്പെടുകയും ചെയ്യുന്ന അവസ്ഥ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിലനിൽക്കുന്നുണ്ട്. അമേരിക്കയിൽ നില നിന്നിരുന്ന അടിമത്ത വ്യവസ്ഥയും ദക്ഷിണ ആഫ്രിക്കയിൽ ഉണ്ടായിരുന്ന വര്ണവിവേചനവും ഹിറ്റ്ലർ ജർമനിയിലെ യഹൂദന്മാരെ കൂട്ടക്കൊല ചെയ്തതും വംശീയതയ്ക്ക് ഉദാഹരണങ്ങളാണ്.

**സമകാലിക വെല്ലുവിളികൾ**

**സൈനിക സഖ്യങ്ങൾ**

ലോകശക്തികൾ രൂപീകരിച്ച സൈനിക സഖ്യങ്ങൾ ലോകസമാധാനത്തിന് ഭീഷണിയാണ്. സൈനിക സഖ്യങ്ങളുടെ ഉദാഹരണങ്ങളാണ് നാറ്റോ, സിയാറ്റോ, സെന്റോ.

**ഭീകരതയുടെ ഉയർച്ച**

ആധുനിക ആയുധങ്ങളും ആധുനിക സാങ്കേതികവിദ്യയും ഉപയോഗിച്ച് തീവ്രവാദ സംഘടനകൾ സമാധാനത്തിന് വലിയ ഭീഷണിയാണ്. അവർ ബയോളജിക്കൽ / കെമിക്കൽ / ന്യൂക്ലിയർ ആയുധങ്ങൾ നിഷ്ഠുരണം ഉപയോഗിക്കുന്നു. നാശത്തിന് അവർ ഗറില്ല തന്ത്രങ്ങൾ പ്രയോഗിക്കുന്നു.

**വംശഹത്യ**

ഒരു കൂട്ടം ആളുകളെ സിസ്റ്റമാറ്റിക് കൂട്ടക്കൊലയെ വംശഹത്യ എന്ന് വിളിക്കുന്നു. റുവാണ്ടയിൽ വംശീയ സംഘർഷത്തിൽ അരലക്ഷത്തോളം ആളുകൾ കൊല്ലപ്പെട്ട സംഭവത്തിൽ ഇത് വ്യക്തമായി.

# 20. വികസനം

സങ്കുചിതമായ അർത്ഥത്തിൽ വികസനത്തെ സാമ്പത്തിക വളർച്ച മാത്രമായി നിർവചിക്കാറുണ്ട്. വിശാലമായ അർത്ഥത്തിൽ ക്ഷേമം, പുരോഗതി, അഭിവൃദ്ധി, മെച്ചപ്പെട്ട ജീവിതത്തിനു വേണ്ടിയുള്ള അഭിലാഷം എന്നിവയെ സൂചിപ്പിക്കുന്ന ആശയമാണ് വികസനം.

## വികസന മാതൃകയ്ക്കെതിരെയുള്ള വിമർശനങ്ങൾ

**വികസനത്തിന്റെ സാമൂഹിക ചെലവ്**

വലിയ അണക്കെട്ടുകളുടെയും വിമാനത്താവളത്തിന്റെയും വ്യവസായശാലകളുടെയും മറ്റും നിർമാണത്തിന് വേണ്ടി ജനങ്ങളെ കുടിയൊഴിപ്പിക്കാറുണ്ട്. ഖനനം, റോഡ് നിർമാണം, റെയിൽവേ പാത നിർമാണം എന്നിവയും കുടിയൊഴിപ്പിക്കലിന് കാരണമാകാറുണ്ട്. നിർബന്ധിത കുടിയൊഴിപ്പിക്കൽ പരമ്പരാഗത വൈദഗ്ധ്യങ്ങളെയും തൊഴിലുകളെയും ഇല്ലാതാക്കുവാൻ സാധ്യതയുണ്ട്. ഇത് ദാരിദ്ര്യം വര്ധിക്കുവാനും കുറ്റകൃത്യങ്ങൾ കൂടുവാനും ഇടയാക്കുന്നു. പ്രദേശിക സംസ്കാരങ്ങളുടെ തകർച്ചയ്ക്കും കുടിയൊഴിപ്പിക്കൽ കാരണമാകുന്നു. കുടിയൊഴിപ്പിക്കലിനെതിരെയുള്ള ജനകീയ പ്രസ്ഥാനങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കാറുണ്ട്. മേധാ പട്കർ നേതൃത്വം നൽകുന്ന നർമദാ ബച്ചാവോ ആന്ദോളൻ ഇത്തരം പ്രതിഷേധങ്ങൾക്ക് ഉദാഹരണമാണ്.

**വികസനത്തിന്റെ പാരിസ്ഥിതിക ചെലവ്**

വികസനത്തിന്റേപേരിൽ നടക്കുന്ന പാരിസ്ഥിതിക ചൂഷണം വലിയ ദുരന്തങ്ങൾക്ക് കാരണമാകുന്നു. വികസന പ്രക്രിയയിലെ ദീർഘവീക്ഷണത്തിന്റെ അഭാവം വായു മലിനീകരണം, ജല മലിനീകരണം, ആഗൊള താപനം, കാലാവസ്ഥ വ്യതിയാനം തുടങ്ങിയ പരിസ്ഥിതി പ്രശ്നങ്ങൾക്ക് കാരണമാകുന്നു.

## വികസനത്തിന്റെ ബദൽ മാതൃക

പോരായ്മകൾ നിറഞ്ഞ വികസന മാതൃകയാണ് ഇന്ന് ലോകം പിന്തുടരുന്നത്. പാരിസ്ഥിതിക ചെലവും സാമൂഹിക ചെലവും കൂടിയതാണ് ആധുനിക വികസന മാതൃകകളെ കുറിച്ചുള്ള പ്രധാന ആരോപണം. പൊതുജന പങ്കാളിത്തത്തിന്റെ അഭാവമാണ് മറ്റൊരു പോരായ്മ. മെച്ചപ്പെട്ട വികസന മാതൃകയെ കുറിച്ചുള്ള ചർച്ചകൾ സജീവമാണ്. വികസനത്തിന്റെ ബദൽ സങ്കല്പത്തിൽ ഉൾപ്പെടുന്ന പ്രധാന ആശയങ്ങൾ താഴെ കൊടുക്കുന്നു.

**1. ശരിയായ അവകാശവാദങ്ങൾ**

വികസനപദ്ധതികൾ ദോഷകരമായി ബാധിക്കപെടുന്ന ജനങ്ങൾക്ക് സംരക്ഷണം ലഭിക്കുവാനുള്ള അവകാശമുണ്ട്. അതുപോലെ തന്നെ ഗോത്രവർഗക്കാർക്കും തദ്ദേശീയ ജനവിഭാഗങ്ങൾക്കും പ്രത്യേക അവകാശങ്ങൾക്ക് അർഹതയുണ്ടെന്നു പൊതുവെ കരുതപ്പെടുന്നു.

## 2. ജനാധിപത്യപരമായ പങ്കാളിത്തം

വികസനത്തിന്റെ ലക്ഷ്യങ്ങൾ സ്വീകരിക്കുന്നതിനും അവ നടപ്പിലാക്കുന്നതിലും ജനകീയ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിലൂടെ വികസനപ്രവർത്തനങ്ങളെ ശക്തിപ്പെടുത്തുവാൻ സാധിക്കുമെന്നു കരുതുന്നു. വികസന പ്രവർത്തനങ്ങളിൽ ഗ്രാമപഞ്ചായത്തുകൾക്കും മുൻസിപ്പാലിറ്റികൾക്കും അർഹമായ സ്ഥാനം നൽകുന്ന രീതിയാണ് നിലനിൽക്കുന്നത്.

## 3. വികസനവും ജീവിതശൈലിയും

സമൂഹത്തിലെ ഒരു വിഭാഗത്തിന്റെ ആഡംബര ജീവിത ശൈലിയുടെ അടിസ്ഥാനത്തിൽ വികസനത്തെ അളക്കുവാൻ സാധിക്കും. എല്ലാ വിഭാഗം ജനങ്ങളുടെയും അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതാണ് യഥാർത്ഥ വികസനം. പ്രകൃതി വിഭവങ്ങൾ സംരക്ഷിച്ചു കൊണ്ടും പുതുക്കുവാനും കഴിയാത്ത വിഭാഗങ്ങളുടെ ഉപയോഗം കുറച്ചു കൊണ്ടുള്ള വികസന രീതിയാണ് കൂടുതൽ അഭികാമ്യം